സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2024 മാർച്ച് 25 തിങ്കൾ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## കാളികാവിലെ രണ്ടര വയസുകാരിയുടെ മരണം; അച്ഛൻ മുഹമ്മദ് ഫായിസ് കസ്റ്റഡിയിൽ

മലപ്പുറം: മലപ്പുറം കാളികാവ് ഉദരംപൊയിലിൽ രണ്ടര വയസ്സുകാരിയുടെ മരണവുമായി ബന്ധപ്പെട്ട് കുട്ടിയുടെ അച്ഛൻ മുഹമ്മദ് ഫായിസിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. അസ്വാഭാവിക മരണത്തിനാണു നിലവിൽ കേസെടുത്തിരിക്കുന്നതെന്നും ആരോപണങ്ങളുയർന്നതിനാൽ ഫായിസിനെ മുൻകരുതലെന്ന നിലയിലാണ് കസ്റ്റഡിയിലെടുത്തതെന്നും പൊലീസ് പറഞ്ഞു. പോസ്റ്റ് മോർട്ടം റിപ്പോർട്ട് ലഭിച്ചാലെ മരണ കാരണം വ്യക്തമാകുവെന്നും പൊലീസ് വ്യക്തമാക്കി. എന്നാൽ, മുഹമ്മദ് ഫായിസ് മകളായ ഫാത്തിമ നസ്രിനെ മർദ്ദിച്ചു കൊലപ്പെടുത്തിയെന്നാണ് അമ്മയുടെയും ബന്ധുക്കളുടെയും ആരോപണം. ബോധരഹിതയായ കുഞ്ഞിനെ ഭക്ഷണം തൊണ്ടയിൽ കുടുങ്ങിയെന്ന് പറഞ്ഞാണ് പിതാവ് ആശുപത്രിയിലെത്തിച്ചത്.

ആരോപണങ്ങൾക്ക് പിന്നാലെയാണ് പൊലീസ് കൂടുതൽ ഫായിസിനെ കസ്റ്റഡിയിലെടുത്തത്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഉൾപ്പെടെ ലഭിച്ചാലെ കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളുവെന്നും ബന്ധുക്കളുടെ ആരോപണത്തെക്കുറിച്ച് അന്വേഷിക്കുമെന്നും പൊലീസ് പറഞ്ഞു. ഇന്നലെ ഉച്ചക്ക് രണ്ടു മണിയോടെയാണ് അബോധാവസ്ഥയിലായ രണ്ടര വയസുകാരി ഫാത്തിമ നസ്രിനെ പിതാവ് മുഹമ്മദ് ഫായിസ് വണ്ടൂരിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചത്. ഭക്ഷണം തൊണ്ടയിൽ കുടുങ്ങി ബോധം പോയെന്നാണ് ഡോക്ടർമാരോട് പറഞ്ഞത്. എന്നാൽ കുട്ടിയെ പരിശോധിച്ചപ്പോൾ മരണം സംഭവിച്ചെന്ന് വ്യക്തമായി തുടർന്ന് പൊലീസിൽ വിവരമറിയിക്കുകയായിരുന്നു. പിന്നാലെ കുട്ടിയുടെ മൃതദേഹം മഞ്ചേരി മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി.

കുട്ടിയെ വീട്ടിൽ വെച്ച് പിതാവ് ഫായിസ് മർദിച്ചു കൊലപ്പെടുത്തുകയായിരുന്നുവെന്ന് കുട്ടിയുടെ ഉമ്മ ഷഹാനത്തും ബന്ധുക്കളും ആരോപിച്ചു. മുമ്പ് ഫായിസിനെതിരായി ഭാര്യ ഷഹാനത്ത് നൽകിയ പരാതി ഒത്തു തീർപ്പാക്കണാമെന്നാവശ്യപ്പെട്ടായിരുന്നു നിരന്തരം ഉപദ്രവിച്ചതെന്ന് ബന്ധുവായ സിറാജ്ജുദ്ധീൻ പറഞ്ഞു. ഫോണിൽ വിളിച്ചപ്പോ ഭക്ഷണം തൊണ്ടയിൽ കുടുങ്ങി കുട്ടി മരിച്ചെന്നാണ് ഫായിസ് പറഞ്ഞതെന്നും കുട്ടിയുടെ അമ്മയുടെ അമ്മ റംലത്ത് പറഞ്ഞു. കുട്ടിയെ നിരന്തരം ഉപദ്രവിച്ചിരുന്നു. മകളുടെ മുന്നിൽ വെച്ചാണ് കുട്ടിയെ കൊന്നത്.

കുട്ടിയെ കൊല്ലുമെന്ന് പറഞ്ഞാണ് ഇവിടെ നിന്ന് കുട്ടികൊണ്ടുപോയത്. കട്ടിലിൽ എറിഞ്ഞും ശ്വാസമുട്ടിച്ചുമൊക്കെയാണ് കൊന്നത്. അവന്റെ വീട്ടുകാർ നോക്കി നിൽക്കെയാണ് സംഭവമെന്നും റംലത്ത് ആരോപിച്ചു. കുടുംബപ്രശ്നം ഉണ്ടായിരുന്നതായി പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്.

### അന്വേഷണ ഏജൻസികളുടെ റെയ്ഡ്;

## ഇന്ത്യ സഖ്യത്തിന്റെ പരാതിയിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇടപെടൽ

ദില്ലി: തെരഞ്ഞെടുപ്പ് വേളയിലെ അന്വേഷണ ഏജൻസികളുടെ റെയ്ഡിനെതിരായ ഇന്ത്യ സഖ്യത്തിന്റെ പരാതിയിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇടപെടുന്നു. കേന്ദ്ര സർക്കാരിനും അന്വേഷണ ഏജൻസികൾക്കും മാർഗനിർദ്ദേശം നൽകാനാണ് നീക്കം. മാർഗനിർദ്ദേശങ്ങളുടെ കരട് ഉടൻ തയ്യാറാക്കും.

തെരഞ്ഞെടുപ്പ് അടുത്ത വേളയിൽ അന്വേഷണ ഏജൻസികൾ അഴിഞ്ഞാടുന്നവെന്ന പരാതിയാണ് അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റിന് പിന്നാലെ ഇന്ത്യാ സഖ്യം നേതാക്കൾ ഇലക്ഷൻ കമ്മീഷന് മുന്നിൽ അവതരിപ്പിച്ചത്. പരിശോധനയെന്ന രീതിയിൽ ഔദ്യോഗിക വസതിയിലെത്തിയാണ് കെജ്രിവാളിനെ അറസ്റ്റ് ചെയ്തത്. ഇതിനൊപ്പം ആംആദ്മി പാർട്ടിയുടെ ഓഫീസ് ദീർഘകാലത്തേക്ക് അടച്ചിടാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ബാരിക്കേഡ് വെച്ച് വഴി കളടച്ചു. മഹുവ മൊയിത്രയുടെ വസതിയിൽ സിബിഐ റെയ്ഡ് നടത്തി. ഒരു പകൽ മുഴുവൻ പരിശോധിച്ചിട്ടും ഒന്നും കണ്ടെത്താനായില്ല.

തെരഞ്ഞെടുപ്പ് അടുത്ത വേളയിൽ ഓരോ പ്രതിപക്ഷ നേതാവിനെയും ഉന്നം വെച്ചുള്ള ഇഡി, സിബിഐ അടക്കം അന്വേഷണ ഏജൻസികളുടെ നീക്കം പരിശോധിക്കപ്പെടേണ്ടതാണെന്നും ഇന്ത്യാ സഖ്യം ചൂണ്ടിക്കാട്ടിയുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇലക്ഷൻ കമ്മീഷൻ ഇടപെടൽ.

## 'രക്ഷിതാക്കൾ വോട്ട് ചെയ്യുമെന്ന് വിദ്യാർത്ഥികളുടെ ഉറപ്പ്'; വിവാദമായതോടെ സത്യവാങ്മൂലം വാങ്ങുന്നത് നിർത്തിവച്ചു

കാസർകോട്: കാസർകോട് ജില്ലയിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കളെക്കൊണ്ട് ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുമെന്ന് സത്യവാങ്മൂലം വാങ്ങിക്കുന്നത് നിർത്തിവച്ചു. പ്രതിജ്ഞ ചെയ്യിപ്പിക്കുന്നതിനെതിരെ പ്രതിഷേധം ഉയർന്നത് സംബന്ധിച്ച് ഏഷ്യാനെറ്റ് ന്യൂസ് വാർത്തയെ തുടർന്നാണ് ജില്ലാ കളക്ടറുടെ നടപടി. ഈ വോട്ടർ ബോധവത്ക്കരണ പരിപാടി നിർത്തി വയ്ക്കാൻ സ്വീപ് നോഡൽ ഓഫീസർക്കാണ് ജില്ലാ കളക്ടർ നിർദേശം നൽകിയത്. കാസർകോട് ജില്ലാ ഭരണകൂടവും ജില്ലാ തെരഞ്ഞെടുപ്പ് വിഭാഗവുമാണ് സത്യവാങ്മൂലം തയ്യാറാക്കി വിദ്യാലയങ്ങൾക്ക് കൈമാറിയത്. ഉത്തരവാദിത്തപ്പെട്ട പൗരൻ എന്ന നിലയിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ വിവേകത്തോടെയും ഉത്തരവാദിത്വത്തോടെയും വോട്ട് രേഖപ്പെടുത്താൻ വീട്ടുകാരെ പ്രേരിപ്പിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു എന്ന് എഴുതി വിദ്യാർത്ഥി ഒപ്പിടണം എന്നായിരുന്നു നിർദ്ദേശം. 26 ന് ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളും നിശ്ചിത മാതൃകയിൽ പ്രതിജ്ഞ തയ്യാറാക്കണമെന്നായിരുന്നു നിർദേശം. തെരഞ്ഞെടുപ്പ് സത്യവാങ്മൂലത്തിൽ രക്ഷിതാവും വിദ്യാർത്ഥിയും നിർബന്ധമായും ഒപ്പിട്ട് നൽകണമെന്ന ജില്ലാ ഭരണകൂടത്തിൻറെ നിർദേശത്തിനെതിരെ പ്രതിഷേധം ശക്തമായതിന് പിന്നാലെയാണ് സത്യവാങ്മൂലം വാങ്ങുന്നത് നിർത്തിവെച്ചത്. ജില്ലയിലെ സ്വീപ്പ് കോർകമ്മിറ്റി തീരുമാന പ്രകാരമാണ് വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും പ്രതിജ്ഞ ചെയ്യിപ്പിക്കുന്നത്. ഒപ്പ് വച്ച സത്യവാങ്മൂലം പ്രധാന അധ്യാപകൻ തിരികെ കൈപ്പറ്റി ബൂത്തുതല ഓഫീസർമാരെ ഏൽപ്പിക്കണമെന്നായിരുന്നു ഔദ്യോഗിക നിർദേശം. എന്നാൽ, വോട്ട് ചെയ്യുന്ന പോലെ തന്നെ ചെയ്യാതിരിക്കാനുള്ള അവകാശവും പൗരനുണ്ടെന്നും നിർബന്ധിച്ച് പ്രതിജ്ഞ ചെയ്യിപ്പിക്കുന്നത് ശരിയല്ലെന്നായിരുന്നു ഉയർന്ന എതിർ വാദം.

### 'വിദ്യാർഥികളുടെ സസ്‌പെൻഷൻ പിൻവലിച്ചത് റദ്ദാക്കണം';

## സിദ്ധാർഥന്റെ മരണത്തിൽ വി. സിക്ക് ഗവർണറുടെ നിർദേശം



തിരുവനന്തപുരം: പൂക്കോട് വെറ്ററിനറി സർവകലാശാലാ വിദ്യാർഥി സിദ്ധാർഥൻ മരിച്ച കേസിൽ കോളജ് പുറത്താക്കിയ 33 വിദ്യാർഥികളെ വൈസ് ചാൻസലർ തിരിച്ചെടുത്ത നടപടി റദ്ദാക്കാൻ ചാൻസിലർ കൂടിയായ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർദേശിച്ചു. വൈസ് ചാൻസിലർ ഡോ. പി.സി ശശീന്ദ്രനാണ് ഗവർണർ നിർദ്ദേശം നൽകിയത്. വിദ്യാർഥികളുടെ സസ്‌പെൻഷൻ പിൻവലിച്ചതിൽ റിപ്പോർട്ടും ഗവർണർ ആവശ്യപ്പെട്ടു.

സിദ്ധാർഥന്റെ മരണത്തിൽ കോളജ് പുറത്താക്കിയ 33 വിദ്യാർഥികളെയാണ് വൈസ് ചാൻസലർ തിരിച്ചെടുത്തത്. ക്രൂര മർദനത്തിലും ആൾക്കൂട്ട വിചാരണയിലും കോളജ് അധികൃതർ വിദ്യാർഥികൾക്ക് എതിരെയെടുത്ത നടപടി വി.സി ഡോ. പി.സി ശശീന്ദ്രൻ റദ്ദാക്കുകയായിരുന്നു. നിയമോപദേശം തേടാതെയാണ് പുതുതായി ചുമതലയേറ്റ വി.സിയുടെ നടപടി. സർവകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥരിലൊരാളുടെ സ്വന്തക്കാരെ സംരക്ഷിക്കാനാണ് ധൃതിപിടിച്ചുള്ള തീരുമാനമെന്ന് ആരോപണം. സർവകലാശാലയുടെ ലോ ഓഫിസറിൽനിന്നു നിയമോപദേശം തേടിയ ശേഷമേ ആൻറി റാഗിങ് കമ്മിറ്റിയുടെ നടപടി വി.സിക്ക് റദ്ദാക്കാനാകൂ.

സസ്‌പെൻഡ് ചെയ്ത വിദ്യാർഥികളെ തിരിച്ചെടുത്തത് വി.സിയുടെ ഇഷ്ടപ്രകാരമെന്ന് സിദ്ധാർഥന്റെ അച്ഛൻ ടി. ജയപ്രകാശ് പറഞ്ഞു. വി.സിക്ക് എതിരെ ഗവർണർക്ക് പരാതി നൽകും. വി.സിക്ക് എന്തോ വലിയ വാഗ്ദാനം ലഭിച്ചിട്ടുണ്ട്. ഒടുവിൽ സിദ്ധാർഥൻ സ്വയം മുറിവേൽപ്പിച്ചെന്ന് വി.സി പറയുമെന്നും ജയപ്രകാശ് ആരോപിച്ചു. സി.ബി.ഐ അന്വേഷണം വഴിമുട്ടി നിൽക്കുന്നതിനെതിരെ മുഖ്യമന്ത്രിയുടെ വസതിക്ക് മുന്നിൽ പ്രതിഷേധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.കഴിഞ്ഞ ഫെബ്രുവരി 18നാണ് ഹോസ്റ്റലിലെ ശുചിമുറിയിൽ ആത്മഹത്യ ചെയ്ത നിലയിൽ സിദ്ധാർഥന്റെ മൃതദേഹം കണ്ടെത്തുന്നത്. സിദ്ധാർഥനെതിരെ നടന്നത് പരസ്യവിചാരണയാണെന്ന ആൻറി റാഗിങ് സ്‌ക്വാഡ് റിപ്പോർട്ട് പുറത്തുവന്നിരുന്നു. 18 പേർ പലയിടങ്ങളിൽ വെച്ച് സിദ്ധാർഥനെ മർദിച്ചെന്നും റിപ്പോർട്ടിൽ പറയുന്നു. അതേസമയം കേസന്വേഷണം സി.ബി.ഐക്ക് വിട്ടിട്ടുണ്ട്.

## അഭിമന്യു കേസ്: കാണാതായ രേഖകളുടെ പകർപ്പ് പരിശോധിക്കാൻ പ്രതിഭാഗത്തിന് അനുമതി



കൊച്ചി:അഭിമന്യു കേസിൽ കോടതിയിൽനിന്ന് കാണാതായ രേഖകളുടെ പകർപ്പ് പരിശോധിക്കാൻ പ്രതിഭാഗത്തിന് അനുമതി. പ്രോസിക്യൂഷന്റെ പകർപ്പ് പ്രതിഭാഗത്തിന്റെ കയ്യിലുള്ള രേഖകളുമായി ഒത്തുനോക്കാൻ മാർച്ച് 30 ന് ഉച്ചയ്ക്ക് 2.30 നാണ് സമയം അനുവദിച്ചത്. ശിരസ്താർ, അഭിഭാഷകർ, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിലാണ് പരിശോധന നടത്തേണ്ടത്.

കേസിലെ കുറ്റപത്രമുൾപ്പെടെ നഷ്ടപ്പെട്ട 11 രേഖകളുടെ സെർട്ടിഫൈഡ് കോപ്പികൾ മാർച്ച് 18ന് പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കിയിരുന്നു. എന്നാൽ പ്രോസിക്യൂഷൻ ഹാജരാക്കിയ രേഖകളിൽ പ്രതിഭാഗം എതിർപ്പറിയിച്ചു. ഹൈക്കോടതി നിർദേശപ്രകാരമാണ് രേഖകൾ പുൻനിർമിച്ചതെന്നും അത് ചോദ്യം ചെയ്യാൻ പ്രതിഭാഗത്തിനാവില്ലെന്നും കോടതി വ്യക്തമാക്കി.

കേസിന്റെ രേഖകൾ പ്രതിഭാഗത്തിന്റെ കയ്യിലുണ്ട്. ഇതിന്റെ സുതാര്യത പരിശോധിക്കാൻ പ്രോസിക്യൂഷൻ പുനർനിർമിച്ച രേഖകളുമായി ഇവ താരതമ്യം ചെയ്യാമെന്നും അന്ന് കോടതി പറഞ്ഞു. പ്രതിഭാഗത്തിന്റെ വാദത്തിനായി കേസ് ഈ മാസം 25 ലേക്ക് മാറ്റുകയായിരുന്നു.

കേസിലെ രേഖകൾ നഷ്ടപ്പെട്ടത് 2019 ജനുവരിയിലാണെന്ന് എറണാകുളം പ്രിൻസിപ്പൾ സെഷൻസ് കോടതി അറിയിച്ചു. കഴിഞ്ഞ സെപ്തംബർ 23 ന് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതോടെ ഹൈക്കോടതിയിൽ വിവരം അറിയിച്ചെന്നും കോടതി പറഞ്ഞു. കോടതിയിൽ നിന്ന് രേഖ നഷ്ടപ്പെട്ടത് പരിശോധിക്കാൻ അന്വേഷണ കമ്മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രേഖകൾ കാണാതാവുന്നത് സാധാരണയാണെന്നും കോടതി വ്യക്തമാക്കിയിരുന്നു.

## ഭാര്യക്ക് സീറ്റ് നിഷേധിച്ചു; അസമിൽ കോൺഗ്രസ് എം. എൽ. എ പാർട്ടി വിട്ടു

ലഖിംപുർ: ലോക്സഭാ തെരഞ്ഞെടുപ്പിൽ ഭാര്യക്ക് സീറ്റ് നൽകാത്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ് എം.എൽ.എ പാർട്ടി വിട്ടു. അസം എംഎൽഎ ഭരത് ചന്ദ്ര നാരയാണ് കോൺഗ്രസ് വിട്ടത്.

അസമിലെ ലഖിംപൂർ ജില്ലയിലെ നൗബോച്ച എംഎൽഎയായ ഭരത് ചന്ദ്ര നാര തിങ്കളാഴ്ചയാണ് കോൺഗ്രസിൽ നിന്ന് രാജിവെച്ചത്.

ലഖിംപൂർ ലോക്സഭാ സീറ്റിൽ ഉദയ് ശങ്കർ ഹസാരികയെ കോൺഗ്രസ് സ്ഥാനാർഥിയായി പ്രഖ്യാപിച്ച് രണ്ട് ദിവസത്തിന് ശേഷമാണ് രാജി. മുൻ കേന്ദ്ര മന്ത്രി കൂടിയായ ഭാര്യ റാണി നാരയെ സീറ്റിലേക്ക് നോമിനേറ്റ് ചെയ്യുമെന്ന് നാര പ്രതീക്ഷിച്ചിരുന്നു. എന്നാൽ മറ്റൊരാളെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചതിലുള്ള അതൃപ്തിയാണ് രാജിയിലേക്ക് നയിച്ചത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഖെക്ക് നാര രാജിക്കത്ത് നൽകി.

'ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നിന്ന് ഞാൻ ഉടൻ രാജിവെക്കുന്നു,' എന്ന ഒറ്റവരി രാജിക്കത്താണ് നൽകിയതെന്ന് ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.ഞായറാഴ്ച, അസം കോൺഗ്രസിന്റെ മീഡിയ സെൽ ചെയർമാൻ സ്ഥാനത്ത് നിന്ന് നാര രാജിവെച്ചിരുന്നു. ലഖിംപൂർ മണ്ഡലത്തിൽ നിന്ന് ഭരത് ചന്ദ്ര നാരയുടെ ഭാര്യ റാണി നാര മൂന്ന് തവണ എംപിയായായിട്ടുണ്ട്.




## ഫ്ളക്സിൽ വിഗ്രഹത്തിന്റെ ചിത്രം: വി. മുരളീധരനെതിരെ തെരഞ്ഞെടുപ്പ് കമ്മീഷനു പരാതി

തിരുവനന്തപുരം: കേന്ദ്രമന്ത്രിയും ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ എൻ.ഡി.എ സ്ഥാനാർഥിയുമായ വി മുരളീധരനെതിരെ തെരഞ്ഞെടുപ്പ് കമ്മീഷനു പരാതി. വി മുരളീധരനായുള്ള ഫ്ളക്സ് ബോർഡിൽ വോട്ട് അഭ്യർത്ഥനക്കൊപ്പം വിഗ്രഹത്തിന്റെ ചിത്രവും ഉപയോഗിച്ചെന്ന് പരാതി. എൽ.ഡിഎഫ് ആറ്റിങ്ങൽ മണ്ഡലം കമ്മിറ്റിയാണ് പരാതി നൽകിയത്.വർക്കലയിലാണ് വിഗ്രഹത്തിന്റെ ചിത്രം ഉപയോഗിച്ചുള്ള ഫ്ളക്സുകൾ വെച്ചത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും സ്ഥാനാർഥിയുടെയും ചിത്രത്തോടൊപ്പം വിഗ്രഹത്തിന്റെ ചിത്രവും ഉപയോഗിക്കുകയായിരുന്നു. വി മുരളീധരന്റെ നടപടി ഗുരുതര ചട്ട ലംഘനമാണെന്നും പരാതിയിൽ പറഞ്ഞു.

## കെജ്രിവാളിനെ ഇ. ഡി ചോദ്യം ചെയ്യുന്നത് തുടരുന്നു; നാളെ ആം ആദ്മി പ്രധാനമന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തും




ഡൽഹി: മദ്യനയ അഴിമതി ക്കേസിൽ അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ ഇ.ഡി ചോദ്യം ചെയ്യുന്നത് തുടരുന്നു. നാളെ കസ്റ്റഡി അവസാനിക്കുന്ന കെ.കവിതയെയും കെജ്രിവാളിനെയും ഒരുമിച്ചിരുത്തി ചോദ്യംചെയ്യുന്നത് തുടരാനാണ് ഇ.ഡിയുടെ തീരുമാനം. ചോദ്യംചെയ്യലിനോട് കെജ്രിവാൾ സഹകരിക്കുന്നില്ലെന്ന് ഇ.ഡി വൃത്തങ്ങൾ അറിയിച്ചു.

കവിതയുടെ കസ്റ്റഡി കാലാവധി അവസാനിക്കുന്നതിന്നു മുമ്പ് സുപ്രധാന ചോദ്യങ്ങളും സംശയങ്ങളും ഇരുവരെയും ഒരുമിച്ചു ഇരുത്തി ചോദിച്ചു പൂർത്തിയാക്കാനാണ് ഇ.ഡിയുടെ ശ്രമം. മുതിർന്ന ഇ.ഡി ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘമാണ് ചോദ്യം ചെയ്യലിന് നേതൃത്വം നൽകുന്നത്. അതിനിടെ, അറസ്റ്റിനെതിരെയുള്ള പ്രതിഷേധം എ.എ.പി പ്രതിഷേധം ശക്തമാക്കുകയാണ്.

ഹോളി ആഘോഷത്തിൽ നിന്ന് വിട്ടു നിൽക്കുന്ന എ.എ.പി നാളെ പ്രധാനമന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തും. പ്രതിപക്ഷ നിരയ്ക്ക് കൂടുതൽ വീര്യം പകരാൻ കെജ്രിവാളിൻറെ അറസ്റ്റ് വഴി ഒരുക്കിയതായാണ് ഇൻഡ്യ സംഖ്യത്തിൻറെ വിലയിരുത്തൽ.31 ന് ഡൽഹി രാംലീലയിൽ നടക്കുന്ന പ്രക്ഷോഭത്തിൽ തൃണമൂൽ കോൺഗ്രസും പങ്കെടുക്കും.അറസ്റ്റിനെതിനെ കഴിഞ്ഞ ദിവസം തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ച സഖ്യനേതാക്കപ്പം തൃണമൂലും ചേർന്നിരുന്നു. മുഖ്യമന്ത്രിയെ അറസ്റ്റ് ചെയ്ത കൊണ്ട് സർക്കാരിൻറെ പ്രവർത്തങ്ങൾ ഒന്നും തടസപ്പെടില്ലെന്ന് ആം ആദ്മി പാർട്ടി വ്യക്തമാക്കി.എല്ലാ പ്രവർത്തനങ്ങളും മുടക്കമില്ലത്തെ നീങ്ങുമെന്നും എ.എ.പി ജനറൽ സെക്രട്ടറി ഡോ. സന്ദീപ് പഠക് പറഞ്ഞു.



## സി. പി. ഐ പത്തനംതിട്ട ജില്ലാ കൗൺസിൽ അംഗം കോൺഗ്രസിൽ

പത്തനംതിട്ട: സി.പി.ഐ. പത്തനംതിട്ട ജില്ലാ കൗൺസിൽ അംഗം അബ്ദുൾ ഷുക്കൂർ കോൺഗ്രസിൽ ചേർന്നു. സി.പി.ഐ. നേതൃത്വവുമായുള്ള അഭിപ്രായ വ്യത്യാസത്തെ തുടർന്നാണ് അദ്ദേഹം പാർട്ടി വിട്ടത്.

കുറച്ചുനാളായി പാർട്ടി നേതൃത്വവുമായി ഭിന്നതയിലായിരുന്നു അബ്ദുൾ ഷുക്കൂർ. പത്തനംതിട്ട മണ്ഡലം സെക്രട്ടറി കൂടിയാണ് അദ്ദേഹം. അതേസമയം, ഷുക്കൂറിനെതിരേ നടപടി എടുക്കാനിരുന്ന ഘട്ടത്തിലാണ് അദ്ദേഹം പാർട്ടി വിട്ടതെന്നാണ് നേതൃത്വം പറയുന്നത്.ഡി.സി.സി. ഓഫീസിൽ നടന്ന ചടങ്ങിൽ പത്തനംതിട്ട ഡി.സി.സി. പ്രസിഡന്റ് സതീഷ് കൊച്ചുപറമ്പിൽ ഷുക്കൂറിന് കോൺഗ്രസ് അംഗത്വം നൽകി.

## മന്ത്രിമാരുടെ മക്കൾക്കും ബന്ധുക്കൾക്കും തെരഞ്ഞെടുപ്പിൽ ടിക്കറ്റ് നൽകുന്നത് കുടുംബ രാഷ്ട്രീയമല്ല : സിദ്ധരാമയ്യ

ബെംഗളൂരു: മന്ത്രിമാരുടെ മക്കൾക്കും ബന്ധുക്കൾക്കും തെരഞ്ഞെടുപ്പിൽ ടിക്കറ്റ് നൽകുന്ന കുടുംബ രാഷ്ട്രീയമാകില്ലെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. വോട്ടർമാരുടെ ശിപാർശ അംഗീകരിക്കുകയാണ് ഇതിലൂടെ ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള കോൺഗ്രസിൻറെ രണ്ടാംഘട്ട സ്ഥാനാർഥി പട്ടികയിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ മരുമകനും അഞ്ച് മന്ത്രിമാരുടെ മക്കളും ഇടംപിടിച്ചിട്ടുണ്ട്. "മണ്ഡലത്തിലെ ജനങ്ങൾ ശിപാർശ ചെയ്തവർക്കാണ് ഞങ്ങൾ ടിക്കറ്റ് നൽകിയത്. ഇത് കുടുംബ രാഷ്ട്രീയമല്ല.ജനങ്ങളുടെ അഭിപ്രായം അംഗീകരിക്കുകയാണ്" സിദ്ധരാമയ്യ മാധ്യമപ്രവർത്തകരോട് പറഞ്ഞു.കർണാടക മന്ത്രിമാരുടെ 10 കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ടിക്കറ്റ് ലഭിച്ചതിനെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം.

ഖാർഗെയുടെ മരുമകൻ രാധാകൃഷ്ണ ദൊഡ്ഡമണി ഗുൽബർഗ (കലബുറഗി) ലോക്സഭാ മണ്ഡലത്തിൽ നിന്നുമാണ് മത്സരിക്കുന്നത്. പിഡബ്ല്യുഡി മന്ത്രി സതീഷ് ജാർക്കിഹോളിയുടെ മകൾ പ്രിയങ്ക ജാർക്കിഹോളി ചിക്കോടിയിൽ നിന്നും ജനവിധി തേടും. ബംഗളൂരു സൗത്തിൽ നിന്നുള്ള ബി.ജെ.പിയുടെ സിറ്റിംഗ് എം.പി തേജസ്വി സൂര്യയ്ക്കെതിരെ ഗതാഗത മന്ത്രി രാമലിംഗ റെഡ്ഡിയുടെ മകൾ സൗമ്യ റെഡ്ഡി മത്സരിക്കും.ടെക്സ്റ്റൈൽ മന്ത്രി ശിവാനന്ദ് പാട്ടീലിന്റെ മകൾ സംയുക്ത എസ് പാട്ടീൽ ബഗൽകോട്ടിൽ നിന്നും വനിതാ ശിശുക്ഷേമ മന്ത്രി ലക്ഷ്മി ഹെബ്ബാൾക്കറുടെ മകൻ മൃണാൾ ഹെബ്ബാൾക്കർ ബെൽഗാവിൽ (ബെലഗാവി)നിന്നും വനം മന്ത്രി ഈശ്വർ ഖന്ദ്രെയുടെ മകൻ സാഗർ ഖണ്ഡ്രെ ബിദാറിൽ നിന്നും മത്സരിക്കും.

മുൻ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ കെ റഹ്മാൻ ഖാന്റെ മകൻ മൻസൂർ അലി ഖാൻ ബെംഗളൂരു സെൻട്രലിൽ നിന്നും മന്ത്രി എസ്.എസ് മല്ലികാർജുന്റെ ഭാര്യ പ്രഭ മല്ലികാർജുൻ ദാവംഗരെയിൽ നിന്നും ജനവിധി തേടും.

കർണാടകയിൽ അവശേഷിക്കുന്ന നാല് മണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർഥി പട്ടിക ഒന്നോ രണ്ടോ ദിവസത്തിനകം പാർട്ടി പുറത്തുവിടുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കർണാടകയിൽ 20 ലോക്സഭാ സീറ്റുകളിലെങ്കിലും വിജയിക്കുമെന്നും സിദ്ധരാമയ്യ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

കർണാടകയിലെ 28 സീറ്റുകളിലും വിജയിക്കുമെന്ന് പറയുന്ന ബി.ജെ.പിയെപ്പോലെ താൻ കള്ളം പറയില്ലെന്നും തന്റെ അഭിപ്രായത്തിൽ അത് സാധ്യമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തൻറെ സർക്കാരിൻറെ അഞ്ച് ഗ്യാരണ്ടികൾ തെരഞ്ഞെടുപ്പിൽ പാർട്ടിയെ വിജയിപ്പിക്കാൻ സഹായിക്കുമെന്ന് തനിക്ക് ഉറപ്പുണ്ടെന്നും സിദ്ധരാമയ്യ വ്യക്തമാക്കി. 'ഞങ്ങൾ ഈ വർഷം 36,000 കോടി ചെലവഴിച്ചു. അടുത്ത സാമ്പത്തിക വർഷത്തേക്ക് ? 52,900 കോടി വകയിരുത്തും. ഞങ്ങൾ ബി.ജെ.പിയെപ്പോലെ കള്ളം പറയില്ല. ഞങ്ങൾ വാഗ്ദാനം ചെയ്തത് നടപ്പിലാക്കും,' സിദ്ധരാമയ്യ പറഞ്ഞു.

തെരഞ്ഞെടുപ്പിലെ നേട്ടങ്ങളെയാണ് തന്റെ പാർട്ടി ആശ്രയിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയ മുഖ്യമന്ത്രി, വാഗ്ദാനങ്ങൾ ഒരിക്കലും നടപ്പാക്കാത്ത ബി.ജെ.പയിൽ നിന്ന് വ്യത്യസ്തമായി ജനങ്ങൾ തന്റെ സർക്കാരിനെ വിശ്വസിക്കുന്നുവെന്ന് പറഞ്ഞു. "2018ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി 600 വാഗ്ദാനങ്ങൾ നൽകിയെങ്കിലും 10 ശതമാനം പോലും നിറവേറ്റിയില്ല.

പ്രധാനമന്ത്രി നരേന്ദ്രമോദി നിങ്ങൾക്ക് 15 ലക്ഷം രൂപ നൽകിയോ അദ്ദേഹം ചോദിച്ചു.

## സുബൈർ വധ ക്കേസ്: പ്രതികളെ കുറ്റപത്രം വായിച്ച് കേൾപ്പിച്ചു

പാലക്കാട് പോപ്പുലർ ഫ്രണ്ട് നേതാവ് എ.സുബൈറിനെ (43) വെട്ടിക്കൊലപ്പെടുത്തിയ കേസിൽ പ്രതികളെ കുറ്റപത്രം വായിച്ച് കേൾപ്പിച്ചു. കേസിലെ പ്രതികളെ കനത്ത പൊലീസ് സുരക്ഷയിലാണ് കോടതിയിൽ എത്തിച്ചത്. ആർഎസ്എസ് നേതാവ് സഞ്ജിത്തിനെ കൊലപ്പെടുത്തിയതിനു പ്രതികാരമായാണ് സുബൈറിനെ പ്രതികൾ കൊലപ്പെടുത്തിയതെന്നാണ് പൊലീസിന്റെ കണ്ടെത്തൽ.2022 ഏപ്രിൽ 15നായിരുന്നു എലപ്പുള്ളി നോമ്പിക്കോട് സ്വദേശി സുബൈറിനെ പ്രതികൾ കൊലപ്പെടുത്തിയത്. പള്ളിയിൽ നിന്ന് പിതാവിനൊപ്പം മടങ്ങുന്നതിനിടെ കാറിലെത്തിയ സംഘം വെട്ടിക്കൊല്ലുകയായിരുന്നു. സംഭവത്തിൽ പത്ത് പ്രതികളെയാണ് പൊലീസ് പിടികൂടിയത്.

## തിരുവനന്തപുരത്ത് പുലിമുട്ട് വാഗ്ദാനം ചെയ്ത് രാജീവ് ചന്ദ്രശേഖർ; രൂക്ഷ വിമർശനവുമായി ശശി തരൂർ



തിരുവനന്തപുരം: തിരുവനന്തപുരത്തെ തീരദേശ മേഖലയായ പൊഴിയൂരിന്റെ വികസനത്തെ ചൊല്ലി യു.ഡി.എഫ് സ്ഥാനാർത്ഥി ശശി തരൂരും എൻ.ഡി.എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറും തമ്മിൽ പോര്. പൊഴിയൂരിൽ പുലിമുട്ട് അനുവദിച്ചെന്ന രാജീവ് ചന്ദ്രശേഖറിന്റെ പ്രചരണമാണ് തരൂരിനെ ചൊടിപ്പിച്ചത്. കടലാക്രമണം തടയാൻ പുലിമുട്ട് നിർമിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചപ്പോൾ കൈമലർത്തിയവർ ഇപ്പോൾ ജനങ്ങളെ വിഡ്ഢിയാക്കുകയാണെന്ന് തരൂർ പറഞ്ഞു.രൂക്ഷമായ കടലാക്രമണവും തീരശോഷണവും നേരിടുന്ന മേഖലയാണ് പൊഴിയൂരും പൂവാറും. ശശി തരൂരിന്റെ ശക്തി കേന്ദ്രങ്ങളായ തീര മേഖലകളിൽ ഇറങ്ങിച്ചെന്നുള്ള പ്രചരണമാണ് രാജീവ് ചന്ദ്രശേഖർ നടത്തുന്നത്. ആദ്യം പൊഴിയൂർ സന്ദർശിച്ച് മടങ്ങിയ രാജീവ് ചന്ദ്രശേഖർ തിരിച്ചെത്തിയത് പൊഴിയൂർ മുതൽ കൊല്ലംങ്കോട് വരെ പുലിമുട്ടും പൊഴിയൂരിൽ മത്സ്യതൊഴിലാളി ഹാർബറും നിർമിക്കാൻ കേന്ദ്ര ഫിഷറീസ് മന്ത്രാലയം ഇറക്കിയ ഉത്തരവുമായിട്ടായിരുന്നു. ഇതോടെയാണ് എൻ.ഡി.എ സ്ഥാനാർഥിക്കെതിരെ രൂക്ഷ വിമർശനവുമായി തരൂർ രംഗത്തെത്തിയത്. പുലിമുട്ടിനായി മുമ്പ് കേന്ദ്ര മന്ത്രാലയത്തെ താൻ സമീപിച്ചപ്പോൾ സംസ്ഥാന സർക്കാരിന്റെ ചുമതലയാണ് പുലിമുട്ട് നിർമാണെന്ന് പറഞ്ഞ് അവർ കൈമലർത്തി. സംസ്ഥാന സർക്കാരിന്റെ അടുത്ത് വന്നപ്പോൾ പണമില്ലെന്ന് പറഞ്ഞു. അന്ന് ഒന്നും ചെയ്യാത്ത ബിജെപി ഇപ്പോൾ ജനങ്ങളെ വിഡ്ഢിയാക്കുകയാണ്.

അതിനിടെ സംസ്ഥാന സർക്കാർ തെരഞ്ഞെടുപ്പിന് തൊട്ട് മുമ്പ് 386 കോടിയുടെ പൊഴിയൂർ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പണം ഇല്ലാത്ത സർക്കാർ ഇതെങ്ങനെ നടത്തുമെന്ന് വ്യക്തമാക്കണം. ചെയ്ത കാര്യങ്ങൾ കൊട്ടിഘോഷിച്ച് താൻ ഫ്ലക്സ് വെക്കാൻ പോയില്ല. എന്ത് ചെയ്തെന്ന് ജനങ്ങൾക്ക് അറിയാവുന്നതിനാൽ തീരദേശത്ത് നിന്ന് വോട്ട് ചോരുമെന്ന് ഭയമില്ല. പൂവാർ കപ്പൽ ശാല പദ്ധതിക്കും ഫണ്ട് തടസ്സമുണ്ടെന്ന് തരൂർ പറഞ്ഞു.

## പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി; അഞ്ച് കോടി നൽകും

ഇടുക്കി: സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകാൻ തീരുമാനം. ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ വ്യാഴാഴ്ച നടന്ന യോഗത്തിലാണ് തീരുമാനം. കമ്പനികൾ അംഗീകരിച്ച പ്രകാരം അഞ്ച് കോടിയോളം രൂപയാണ് ഇപ്പോൾ നൽകുന്നത്. പൂട്ടിയ തോട്ടങ്ങളിൽ തൊഴിലാളികളുടെ ദുരിത ജീവിതം റിപ്പോർട്ട് ചെയ്തിരുന്നു.

പതിറ്റാണ്ടുകളായി പൂട്ടിക്കിടക്കുന്ന പീരുമേട് ടീ കമ്പനി, എം.എം ജെ പ്ലാന്റേഷൻ, മ്ലാമല എന്നീ എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കാണ് ഗ്രാറ്റുവിറ്റി നൽകാൻ തീരുമാനമായത്. തൊഴിലാളികൾക്ക് നൽകാനുള്ള തുക അടക്കാൻ പീരുമേട് ടീ കമ്പനി വിസമ്മതിച്ചതിനെ തുടർന്ന് 2,08,71,848 രൂപ സർക്കാരാണ് ലേബർ കമ്മീഷണറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചത്. മ്ലാമല എസ്റ്റേറ്റ് 1,92,45,394 രൂപയും, എം.എം.ജെ.1,63,07833 രൂപയും ലേബർ കമ്മീഷനിൽ അടച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക ആറ് മാസത്തിനകം നൽകണമെന്ന സുപ്രിംകോടതി ഉത്തരവിനെത്തുടർന്നാണ് നടപടി.അതേസമയം, സുപ്രിംകോടതി നിയമിച്ച ഏകാംഗ കമ്മീഷൻ കണ്ടെത്തിയ ഗ്രാറ്റുവിറ്റി കുടിശ്ശിക തോട്ടം മാനേജ്മെന്റുകൾ നൽകിയ കണക്കിനേക്കാൾ കൂടുതലാണ്. കമ്മീഷൻ സമർപ്പിച്ച കണക്കാണ് ശരിയെന്ന് കണ്ടെത്തിയാൽ ബാക്കിയുള്ള തുക കോടതി നിശ്ചയിക്കുന്ന പലിശ സഹിതം ഉടമകൾ നൽകണം. ഇന്റർ നാഷണൽ യൂണിയൻ ഓഫ് ഫുഡ് അഗ്രികൾച്ചറൽ ആന്റ് അതേഴ്സ് എന്ന സംഘടന നൽകിയ ഹരജിയെ തുടർന്നാണ് പ്രശ്നത്തിൽ സുപ്രിംകോടതി ഇടപെട്ടതും കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം എന്നീ സംസ്ഥാനങ്ങളിലെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കാൻ റിട്ട.ജഡ്ജി ജസ്റ്റിസ്.അഭയ് മനോഹർ സാപ്രേയയെ ഏകാംഗ കമ്മീഷനായി നിയോഗിച്ചതും.

## നാലുവർഷ ബിരുദ മൂല്യനിർണയം; എഐ ഉപയോഗിക്കാനൊരുങ്ങി ഉന്നതവിദ്യാഭ്യാസവകുപ്പ്

തിരുവനന്തപുരം: നാലുവർഷബിരുദം നടപ്പിലാകുമ്പോൾ മൂല്യനിർണയം പൂർണമായും ഹൈടെക് ആക്കാൻ ഉന്നതവിദ്യാഭ്യാസവകുപ്പ്. എഐ സംവിധാനം ഉപയോഗപ്പെടുത്തി പുതിയ മൂല്യനിർണയ രീതി അവതരിപ്പിക്കും.

ഫലപ്രഖ്യാപനത്തിലെ കാലതാമസവും സാങ്കേതിക പ്രശ്നങ്ങളും ഒഴിവാക്കുന്നതിനാണ് പരിഷ്കരണംഉന്നതവിദ്യാഭ്യാസ മേഖല അടിമുടി പൊളിച്ചെഴുന്നതിന്റെ ഭാഗമായാണ് പരിഷ്കാരം. ക്യാമ്പുകളിൽ വച്ചുള്ള മൂല്യനിർണയം ഒഴിവാക്കി മാർക്കിടൽ പൂർണ്ണമായും ഓൺലൈനിലേക്ക് മാറ്റാനാണ് തീരുമാനം. ഇതിനായി പ്രത്യേകം സോഫ്റ്റ്വെയറും വെബ് പോർട്ടലും തയ്യാറാക്കും.

എഐ സംവിധാനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് പുതിയ മാറ്റം ആലോചിക്കുന്നത്. മൂല്യനിർണയം നടത്തുന്നതിനായി പേപ്പറുകൾ സ്കാൻ ചെയ്ത് പോർട്ടലിൽ അപ്ലോഡ് ചെയ്യും. ഇങ്ങനെ അപ്ലോഡ് ചെയ്യുന്ന പേപ്പറുകൾ ഡിജിറ്റൽ ഉപകരണങ്ങൾ വഴി ചുമതലപ്പെടുത്തുന്ന അധ്യാപകർക്ക് എവിടെയിരുന്ന് വേണമെങ്കിലും പരിശോധിക്കാം. ഇതുവഴി മൂല്യനിർണയം കൂടുതൽ സുതാര്യമാക്കാൻ കഴിയുമെന്നാണ് വിലയിരുത്തൽ. മാർക്കിട്ട പേപ്പറുകൾ വിദ്യാർഥികൾക്ക് പരിശോധിക്കാനുള്ള സൗകര്യവും ഒരുക്കും.

സുരക്ഷ ഉറപ്പാക്കുന്നതിനായി ഫിംഗർപ്രിന്റ്, ഫെയ്സ് റെക്ഗ്നിഷൻ തുടങ്ങിയ സംവിധാനങ്ങൾ ക്രമീകരിക്കും.

പുതിയ സജ്ജീകരണങ്ങൾ പരീക്ഷ മൂല്യനിർണയത്തിൽ സഹായമാകും എന്നാണ് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കണക്കുകൂട്ടൽ. അതിവേഗം ഫലംപ്രഖ്യാപിക്കാൻ കഴിയും എന്നതാണ് പുതിയ രീതിയുടെ സവിശേഷത. പരീക്ഷാ പേപ്പറുകൾ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവും ഒഴിവാക്കാം.

## ബി. ജെ. പി അഞ്ചാംഘട്ട സ്ഥാനാർഥി പട്ടിക പ്രഖ്യാപിച്ചു

ന്യൂഡൽഹി: ബി.ജെ.പി അഞ്ചാംഘട്ട സ്ഥാനാർഥി പട്ടിക പ്രഖ്യാപിച്ചു. കേരളത്തിൽ നാലു മണ്ഡലങ്ങളിലേക്ക് ഉൾപ്പെടെയാണു പ്രഖ്യാപനം. വയനാട്ടിൽ കെ. സുരേന്ദ്രനാണു മത്സരിക്കുന്നത്.

അഞ്ചാംഘട്ട പട്ടികയിൽ 111 മണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർഥികളെയാണു പ്രഖ്യാപിച്ചിരിക്കുന്നത്. ഇക്കൂട്ടത്തിലാണ് കേരളത്തിൽ അവശേഷിക്കുന്ന സീറ്റുകളിലേക്കുള്ള സ്ഥാനാർഥികൾകൂടി ഉൾപ്പെട്ടിട്ടുള്ളത്. വയനാട്ടിൽ സുരേന്ദ്രൻ എത്തുന്നുവെന്നതാണ് സർപ്രൈസ്. എറണാകുളത്ത് കെ.എസ് രാധാകൃഷ്ണൻ, ആലത്തൂരിൽ ഡോ. ടി.എൻ സരസു, കൊല്ലത്ത് ജി കൃഷ്ണകുമാർ എന്നിവരാണു മറ്റു സ്ഥാനാർഥികൾ.

കേരളത്തിനു പുറമെ ആന്ധ്രപ്രദേശ്, ബിഹാർ, ഹരിയാന, ഗോവ, ഗുജറാത്ത്, കർണാടക, ജാർഖണ്ഡ്, ഹിമാചൽപ്രദേശ്, മഹാരാഷ്ട്ര, മിസോറം, ഒഡിഷ, രാജസ്ഥാൻ, സിക്കിം, തെലങ്കാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും വിവിധ മണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർഥി പട്ടിക പുറത്തുവിട്ടിട്ടുണ്ട്. ഹിമാചൽപ്രദേശിലെ മാണ്ഡിയിൽ കങ്കണ റണാവത്തിനെ പ്രഖ്യാപിച്ചതു തന്നെയാണ് പട്ടികയിലെ പ്രധാന സർപ്രൈസ്. യു.പിയിൽ സുൽത്താൻപൂരിൽ മനേക ഗാന്ധിയും മീറത്തിൽ നടനും രാമായണം സീരിയൽ താരവുമായ അരുൺ ഗോവിലുമാണ് സ്ഥാനാർഥികൾ.

## ഓൺലൈൻ ട്രേഡിങ്ങിൽ വൻതുക ലാഭം വാഗ്ദാനം ചെയ്തു അരക്കോടിയുടെ തട്ടിപ്പ്: ഒരാൾ അറസ്റ്റിൽ




കോഴിക്കോട്: നിർമിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഉപയോഗിച്ചുള്ള ഓൺലൈൻ ട്രേഡിങ്ങിൽ വൻതുക ലാഭം വാഗ്ദാനം ചെയ്തു കോഴിക്കോട് സ്വദേശിയുടെ അരക്കോടി രൂപ തട്ടിയെടുത്ത സംഭവത്തിൽ മലപ്പുറം കാളികാവ് സ്വദേശി മുജീബ് (41) അറസ്റ്റിൽ. സിറ്റി സൈബർ ക്രൈം പൊലീസാണു പിടികൂടിയത്.

ഓൺലൈൻ തട്ടിപ്പു സംഘങ്ങൾക്കു വിവിധ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകൾ ഇയാൾ ലഭ്യമാക്കിയതായും കണ്ടെത്തി. തട്ടിപ്പിലൂടെ ഈ അക്കൗണ്ടുകളിലേക്ക് എത്തുന്ന പണം പിൻവലിക്കാൻ സംഘത്തിനു സഹായം ചെയ്തതും മുജീബാണെന്ന് പൊലീസ് പറഞ്ഞു. തട്ടിയെടുത്ത പണം നിക്ഷേപിച്ച ബാങ്ക് അക്കൗണ്ട് കേന്ദ്രീകരിച്ചു സൈബർ ക്രൈം പൊലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ വിപിൻ ചന്ദ്രൻ നടത്തിയ അന്വേഷണത്തിലാണു മുജീബിന്റെ ബാങ്ക് അക്കൗണ്ട് തിരിച്ചറിഞ്ഞത്. റിമാൻഡ് ചെയ്തു.

അതിനിടെ, മറ്റൊരു കേസിൽ സമൂഹമാധ്യമത്തിലൂടെ തൊഴിലന്വേഷിച്ച കോഴിക്കോട് ചേവായൂർ സ്വദേശിയായ യുവാവിന് ഓൺലൈനായി ട്രേഡിങ് ലിങ്ക് അയച്ചു നൽകി 1,30,000 രൂപ തട്ടിയെടുത്ത സംഭവത്തിൽ തട്ടിപ്പു സംഘത്തിന്റെ കാരിയറായി പ്രവർത്തിച്ച വടകര തറോപ്പൊയിൽ പുതുവരിക്കോട് പി.കെ. മെഹ്റൂഫിനെ (23) മെഡിക്കൽ കോളജ് ഇൻസ്പെക്ടർ റിയാസ് ചാക്കേരിയുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തു.

പരാതിക്കാരൻ നിക്ഷേപിച്ച പണം ഡൽഹിയിലെ ബാങ്ക് അക്കൗണ്ടിലേക്കും പിന്നീട് വടകരയിലെ മെഹ്റൂഫിന്റെ അക്കൗണ്ടിലേക്കുമാണ് വന്നത്. ഇയാളുടെ പേരിൽ ഡൽഹിയിലെ തട്ടിപ്പു സംഘം എടുത്ത അക്കൗണ്ടിൽ 20 ലക്ഷം രൂപ വിവിധ അക്കൗണ്ടുകളിൽ നിന്നു എത്തിയിരുന്നു. ഇതിൽ നിന്ന് ഒരു ദിവസം 17, 56,000 രൂപ പിൻവലിച്ചിരുന്നു. 10 ലക്ഷം രൂപ അക്കൗണ്ടിൽ എത്തുമ്പോൾ 4,000 രൂപയായിരുന്നു കമ്മിഷൻ.

കഴിഞ്ഞ ദിവസം കരിക്കാംകുളം സ്വദേശിയായ യുവതിയുടെ 12 ലക്ഷം രൂപ സമാന രീതിയിൽ ഓൺലൈൻ ട്രേഡിങ്ങിന്റെ പേരിൽ നഷ്ടപ്പെട്ടിരുന്നു. വിവിധ സംസ്ഥാനങ്ങളിലെ 5 വിവിധ ബാങ്കുകളിലേക്കാണു പണം കൈമാറിയത്. ചേവായൂർ പൊലീസ് അന്വേഷണം തുടരുന്നുണ്ട്. മെഹ്റൂഫിനെ അറസ്റ്റ് ചെയ്ത സംഘത്തിൽ മെഡിക്കൽ കോളജ് എസ്ഐമാരായ പി.അജിത്കുമാർ, എസ്.സൈഫുള്ള, ബാബു മമ്പാട്ടിൽ, ആർ.നിധിൻ, സൈബർ പൊലീസ് എഎസ്ഐ പി.എസ്.ജിതേഷ് എന്നിവരും ഉണ്ടായിരുന്നു.

## കൊല്ലത്ത് മകന്റെ മർദനമേറ്റ് ചികിത്സയിലായിരുന്ന അമ്മ മരിച്ചു

കൊല്ലം: മകന്റെ മർദനമേറ്റ് ചികിത്സയിലായിരുന്ന അമ്മ മരിച്ചു. കൊല്ലം കോട്ടയ്ക്കകം തൊണ്ടലിൽ പുത്തൻ വീട്ടിൽ ദ്രൗപദിയാണ് മരിച്ചത്. ഒരാഴ്ച മുൻപ് മകൻ പ്രമോദിന്റെ മർദനമേറ്റ് ചികിത്സയിലായിരുന്ന അമ്മ കഴിഞ്ഞ ദിവസമാണ് മരിച്ചത്. കഴിഞ്ഞ ഞായറാഴ്ചയാണ് വീട് വിറ്റ് പണം നൽകാത്തതിന് ദ്രൗപദിയെ മകൻ പ്രമോദ് മർദിച്ചത്. വീട് വിറ്റ് അഞ്ച് ലക്ഷം രൂപ നൽകണമെന്ന് പ്രമോദ് അമ്മയോട് പലതവണ ആവശ്യപ്പെട്ടിരുന്നു. ഇതിന് തയ്യാറാകാത്തതിനെ തുടർന്നു നടത്തിയ മർദനത്തിൽ തലയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയായിരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലാണ് ദ്രൗപദി ചികിത്സയിൽ കഴിഞ്ഞിരുന്നത്. ഒറ്റമുറി വീടിനുള്ളിൽ അബോധാവസ്ഥയിൽ കിടന്ന ദ്രൗപദിയെ സമീപവാസികൾ അറിയിച്ചതിനെ തുടർന്ന് കൊല്ലം വെസ്റ്റ് പൊലീസ് എത്തിയാണ് ആശുപത്രിയിലേക്ക് മാറ്റിയത്. പ്രമോദിനെ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

## കരുനാഗപ്പള്ളി അപകടം; ലോറി ഡ്രൈവർ അറസ്റ്റിൽ



കൊല്ലം: കരുനാഗപ്പള്ളി തഴവയിൽ തടിലോറി പൊട്ടിച്ച കേബിളിൽ കുരുങ്ങി സ്ത്രീക്ക് പരിക്കേറ്റ സംഭവത്തിൽ കേസെടുത്ത് പൊലീസ്. അലക്ഷ്യമായി വാഹനം ഓടിച്ചതിനാണ് കേസ്. സംഭവത്തിൽ ലോറി ഡ്രൈവറെ അറസ്റ്റുചെയ്തു. ലോറിയുമായെത്തി കരുനാഗപ്പള്ളി സി.ഐക്ക് മുന്നിൽ കീഴടങ്ങുകയായിരുന്നു.തമിഴ്നാട് സ്വദേശിയായ ഡ്രൈവറുടെ പേരുവിവരങ്ങൾ പൊലീസ് പുറത്തുവിട്ടിട്ടില്ല. ലോറി ഉടമയും സ്റ്റേഷനിലെത്തിയിരുന്നു. മനുഷ്യജീവന് ആപത്തുണ്ടാക്കും വിധം അശ്രദ്ധമായി വാഹനമോടിച്ചെന്ന കുറ്റമാണ് ചുമത്തിയിരിക്കുന്നത്. നാട്ടുകാർ ലോറി തടഞ്ഞുവച്ച് പൊലീസിൽ വിവരം അറിയിച്ചിട്ടും 27 മണിക്കൂറിന് ശേഷമാണ് പൊലീസ് കേസെടുത്തത്.ലോറിയുടെ ചിത്രമെടുത്ത ശേഷം വിടാൻ പൊലീസ് പറഞ്ഞതായി നാട്ടുകാർ പരാതി ഉന്നയിച്ചിരുന്നു. മകന്റെ പരാതിയുടെ അടിസ്ഥാനത്തിലാണ് കരുനാഗപ്പള്ളി പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്. അപകട കാരണം ലോറി അമിത ലോഡ് കയറ്റിയതാണെന്ന് നാട്ടുകാർ ആരോപിച്ചിരുന്നു. അതേസമയം, അപകടത്തിൽ പരിക്കേറ്റ് കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന സന്ധ്യയെ തീവ്രപരിചരണ വിഭാഗത്തിൽ നിന്ന് മുറിയിലേക്ക് മാറ്റി.

## രണ്ടര വയസ്സുകാരിയുടെ മരണത്തിൽ ദുരൂഹത; പിതാവ് മർദ്ദിച്ചു കൊലപ്പെടുത്തിയതെന്ന് ബന്ധുക്കൾ

മലപ്പുറം: മലപ്പുറം കാളികാവ് ഉദിരംപൊയിലിൽ രണ്ടര വയസ്സുകാരിയുടെ മരണത്തിൽ ദുരുഹത. കുട്ടിയെ പിതാവ് മുഹമ്മദ് ഫായിസ് മർദ്ദിച്ചു കൊന്നതാണെന്നാണ് ബന്ധുക്കൾ ആരോപിക്കുന്നത്. ഫായിസിനെതിരെ കുട്ടിയുടെ അമ്മയുടെ ബന്ധുക്കൾ പൊലീസിൽ പരാതി നൽകി. ഫായിസിന്റെ മകൾ നസ്‌റീൻ ഇന്നലെയാണ് മരിച്ചത്.

ഭക്ഷണം തൊണ്ടയിൽ കുടുങ്ങിയതാണെന്ന് പറഞ്ഞാണ് പിതാവ് ഫായിസ് കുട്ടിയെ വണ്ടൂരിലെ ആശുപത്രിയിൽ എത്തിക്കുന്നത്. എന്നാൽ കുട്ടിയെ പിതാവ് ഫായിസ് പതിവായി മർദ്ദിക്കാറുണ്ടായിരുന്നുവെന്നാണ് ബന്ധുക്കൾ പറയുന്നത്. കുട്ടിയെ അലമാരയിലേക്ക് ഉന്തിയിട്ടും കട്ടിലിലേക്ക് എറിഞ്ഞുമൊക്കെയാണ് കൊലപ്പെടുത്തിയതെന്നാണ് കുട്ടിയുടെ അമ്മൂമ്മ റംലത്ത് പറഞ്ഞു.

കുട്ടിയുടെ ശരീരത്തിൽ പാടുകളുണ്ട്. അസ്വാഭാവിക മരണത്തിനാണ് പൊലീസ് കേസെടുത്തിട്ടുള്ളത്. കുട്ടിയുടെ ബന്ധുക്കളുടെ മൊഴി പൊലീസ് രേഖപ്പെടുത്തും. കുടുംബപ്രശ്നം ഉണ്ടായിരുന്നതായി പൊലീസ് അന്വേഷണത്തിൽ സ്ഥിരീകരിച്ചു. കാളികാവ് പൊലീസ് അന്വേഷണം ആരംഭിച്ചു. പോസ്റ്റ് മോർട്ടം റിപ്പോർട്ട് ലഭിച്ച ശേഷമേ മരണത്തിൽ കൂടുതൽ വ്യക്തത വരൂവെന്ന് പൊലീസ് സൂചിപ്പിച്ചു.

## കാട്ടുപോത്തിന്റെ ആക്രമണം; ആദിവാസി യുവാവിന് ഗുരുതര പരിക്ക്

തിരുവനന്തപുരം: അമ്പൂരിയിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ ആദിവാസി യുവാവിന് ഗുരുതര പരിക്ക്. അമ്പൂരി ചാക്കപ്പാറ സ്വദേശി സുരേഷി(43)നെയാണ് കാട്ടുപോത്ത് ആക്രമിച്ചത്. തലക്ക് ഗുരുതരമായി പരിക്കേറ്റ സുരേഷ് കാരക്കോണം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. നെയ്യാർ റേഞ്ചിലെ ഫയർ പ്രൊട്ടക്ഷൻ താൽക്കാലിക വാച്ചറായ സുരേഷിനെ കാട്ടുപോത്ത് പാഞ്ഞെത്തി ഇടിച്ചു തെറിപ്പിക്കുകയായിരുന്നു.

ഇന്നലെ ഉച്ചയ്ക്ക് മൂന്നു മണിയോടെ കോഴിക്കാവിൽ വനത്തിനുള്ളിലാണ് സംഭവം നടന്നത്. ജോലിക്കിടെ കുടിവെള്ളമെടുക്കാൻ പോയപ്പോഴാണ് പോത്ത് ഇടിച്ചത്. ഇതിനെ തുടർന്ന് ബോധം പോയി. പിന്നീട് രാത്രി ബോധം വന്നപ്പോൾ സുരേഷ് തന്നെയാണ് ഭാര്യയെ ഫോണിൽ വിളിച്ച് വിവരം പറഞ്ഞത്.

## സാഹിത്യകാരൻ ടി എൻ പ്രകാശ് അന്തരിച്ചു



കണ്ണൂർ: എഴുത്തുകാരനും നാടകകൃത്തുമായ ടി എൻ പ്രകാശ് അന്തരിച്ചു. 68 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ വെച്ചായിരുന്നു അന്ത്യം.

കൈകേയി, താപം, തണൽ തുടങ്ങിയവയാണ് പ്രകാശിന്റെ ശ്രദ്ധേയമായ കൃതികൾ. കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവാണ്. കേരള സാഹിത്യ അക്കാദമി അംഗം, കേന്ദ്ര സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പള്ളിക്കുന്ന് ഗവ. ഹയർ സെക്കന്ററി സ്കൂൾ അധ്യാപകനായിരുന്ന ഇദ്ദേഹം കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറായാണ് സർവീസിൽ നിന്ന് വിരമിച്ചത്.

വളപട്ടണം പാലം, ദശാവതാരം, സ്നേഹദൃശ്യങ്ങൾ, ഇന്ത്യയുടെ ഭൂപടം, ഈ കടൽത്തീര നിലാവിൽ, തെരഞ്ഞെടുത്ത കഥകൾ, താപം, ലോകാവസാനം, താജ്മഹൽ, വാഴയില, രാജ്ഘട്ടിൽ നിന്നൊരാൾ (കഥകൾ). സൗന്ദര്യലഹരി, നട്ടാൽ മുളയ്ക്കുന്ന നുണകൾ, കിളിപ്പേച്ച് കേക്കവാ, ചന്ദന (നോവലെറ്റുകൾ), തെരഞ്ഞെടുത്ത പതിനൊന്ന് നോവലെറ്റുകൾ, ആർട്ട് ഓഫ് ലിവിംഗ്, നക്ഷത്രവിളക്കുകൾ (ഓർമ), വാൻക, വീഞ്ഞ്, ഈസ്റ്ററിന്റെ തലേരാത്രി (ബാലസാഹിത്യം), സമനില, തണൽ, തൊട്ടാൽ പൊള്ളുന്ന സത്യങ്ങൾ, കൈകേയി, വിധവകളുടെ വീട് (നോവലുകൾ), ഡോ. ടി.പി സുകുമാരൻ: പേരിന്റെ പൊരുൾ (ജീവചരിത്രം) എന്നിവയാണ് കൃതികൾ.

അബുദാബി ശക്തി പുരസ്കാരം, ചെറുകഥാ ശതാബ്ദി പുരസ്കാരം, ജോസഫ് മുണ്ടശ്ശേരി പുരസ്കാരം, വി ടി ഭട്ടതിരിപ്പാട് പുരസ്കാരം, എസ്ബിടി സാഹിത്യ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, മയിൽപ്പീലി പുരസ്കാരം, അറ്റ്ലസ് കൈരളി പുരസ്കാരം, എക്സലന്റ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്

## 'പിണറായിക്ക് ഇ. ഡിയെ പേടി, മോദിക്കും അമിത് ഷാക്കുമെതിരെ ഒന്നും മിണ്ടുന്നില്ല'; വിമർശിച്ച് കെ. മുരളീധരൻ

തൃശൂർ: മുഖ്യമന്ത്രി പിണറായി വിജയനെ വിമർശിച്ച് തൃശൂരിലെ യു.ഡി.എഫ് സ്ഥാനാർഥി കെ. മുരളീധരൻ. പിണറായി വിജയൻ ഇ.ഡിയെ പേടിക്കുന്ന മുഖ്യമന്ത്രിയാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദിക്കും അമിത് ഷാക്കുമെതിരെ ഒന്നും മിണ്ടുന്നില്ലെന്നും മുരളീധരൻ മീഡിയവൺ 'ദേശീയപാത'യിൽ പറഞ്ഞു. മുഖ്യമന്ത്രിയുടെ മൗനം ഇ.ഡിയെ പേടിച്ചാണണെന്നും ആരോപിച്ചു. എല്ലാദിവസവും പിണറായി വിജയൻ ചോദ്യം ചോദിക്കുന്നത് രാഹുൽഗാന്ധിയോടാണെന്നും പകരം നരേന്ദ്രമോദിയോട് ചോദ്യം ചോദിച്ചാൽ കുടുംബം അകത്താകും എന്ന ഭയമാണ് പിണറായി വിജയനെന്നും പറഞ്ഞു. രാജസ്ഥാനിൽ കോൺഗ്രസിനൊപ്പം മത്സരിച്ചാണ് സിപിഎം കേരളത്തിൽ കോൺഗ്രസ് വിരുദ്ധ നിലപാട് സ്വീകരിക്കുന്നതെന്നും അവിടെ ഒരു സീറ്റ് വിട്ടു കൊടുത്തിരിക്കുകയാണെന്നും മുരളീധരൻ പറഞ്ഞു. അവിടെ 25ൽ 24 സീറ്റിലും കോൺഗ്രസാണ് മത്സരിക്കുന്നതെന്നും ചൂണ്ടിക്കാട്ടി. സിപിഎമ്മിനൊരു ദേശീയ നയമുണ്ടോയെന്നും നിലപാടില്ലാത്ത മുന്നണിക്ക് പ്രസക്തിയില്ലെന്നും പറഞ്ഞു. തനിക്ക് അഭിനയമറിയില്ലെന്നും രാഷ്ട്രീയമേ അറിയൂവെന്നും കെ. മുരളീധരൻ പറഞ്ഞു. എതിർസ്ഥാനാർഥി ഡാൻസ് ചെയ്യുന്നത് സൂചിപ്പിച്ചപ്പോഴായിരുന്നു ഈ പ്രതികരണം.

സംസ്ഥാനത്ത് വോട്ട് മറയ്ക്കാൻ എൽഡിഎഫിന് ബിജെപിയുമായി ഡീലുണ്ടെന്നും തൃശൂരിൽ മാത്രം ബിജെപിക്ക് വേണ്ടി എൽഡിഎഫ് വോട്ട് മറിക്കുമെന്നും ആരോപിച്ചു. പകരം വടകര ഉൾപ്പെടെ മണ്ഡലങ്ങളിൽ ബിജെപി സിപിഎമ്മിന് വോട്ടുമറിക്കുമെന്നും പറഞ്ഞു. എന്നാൽ കേരളത്തിലെ 20 സീറ്റുകളിലും കോൺഗ്രസ് ജയിക്കുമെന്ന് അദ്ദേഹം അവകാശപ്പെട്ടു. തീരപ്രദേശത്തടക്കം തൃശൂരിൽ വലിയ ജനപിന്തുണ ലഭിക്കുന്നുണ്ടെന്നും പറഞ്ഞു.



## കോഴിക്കോട് ഉറങ്ങിക്കിടക്കുന്നതിനിടെ ടിപ്പർ ലോറി കയറി ഇറങ്ങി തൊഴിലാളി മരിച്ചു

കോഴിക്കോട്: ടിപ്പർ ലോറി കയറി ഇറങ്ങി ഇതരസംസ്ഥാന തൊഴിലാളി മരിച്ചു. കോഴിക്കോട് പന്തീരാങ്കാവിലാണ് അപകടം. ദേശീയപാത നിർമാണ തൊഴിലാളിയായ ബിഹാർ സ്വദേശി സനിഷേക് കുമാർ ആണ് മരിച്ചത്. 20 വയസായിരുന്നു.മേൽപ്പാലത്തിന്റെ പണിനിർമ്മാണത്തിനായ് മണ്ണ് ഇറക്കാൻ വന്ന ലോറി ഇടിച്ചാണ് അപകടം ഉണ്ടായത്. രാവിലെ ആറരയോടെയിയിരുന്നു സംഭവം. ഈ സമയം സനിഷേക് കുമാർ ഉറങ്ങുകയായിരുന്നു. ഇത് ഡ്രൈവറുടെ ശ്രദ്ധയിൽപ്പെട്ടില്ല.തലയിലൂടെ ലോറി കയറി ഇറങ്ങിയതിനെ തുടർന്ന് യുവാവ് അപകടസ്ഥലത്തുവച്ച് തന്നെ മരിച്ചു. മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളജിലെ മോർച്ചറിയിലേക്ക് മാറ്റി.

## ഇരുചക്രവാഹനയാത്രക്കാർക്ക് മുന്നറിയിപ്പ്

തിരുവനന്തപുരം: മെഷീനും മനുഷ്യനും ഒന്നായി ഇടവേളകളില്ലാത്ത ജാഗ്രതയോടെ പ്രവർത്തിക്കേണ്ടുന്ന ഒന്നാണ് ഡ്രൈവിങ്. ഒരു ഇരുചക്രവാഹനയാത്ര മറ്റു വാഹന യാത്രകളേക്കാൾ കൂടുതൽ അപകടകരമാവുന്നത് പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളായ സന്തുലനം, സ്ഥിരത എന്നിവയെ ആശ്രയിച്ചാണ് അതിന്റെ സുരക്ഷ എന്നതിനാലാണ്.

ഇരുചക്ര വാഹനങ്ങളെ സുരക്ഷിതമായ ഒരു സന്തുലിതാവസ്ഥയിൽ നിർത്തുന്ന ഏകഘടകം ഡ്രൈവറുടെ ശരീരമനോബുദ്ധികളുടേയും വാഹനത്തിന്റേയും ഏകോപിതചലനമാണെന്ന് മോട്ടോർ വാഹനവകുപ്പ് ഫെയ്സ്ബുക്കിൽ കുറിച്ചു.

ഒരു മോട്ടോർ സൈക്കിളിന്റെ സുരക്ഷിതപ്രയാണത്തിന് അത്യന്താപേക്ഷിതമായ ഏക ഘടകം പ്രതലവുമായുള്ള മുൻപിൻടയറുകളുടെ ഒരുപോലുള്ള പിടിത്തം അഥവാ ഗ്രിപ്പ് മാത്രമാണ്. രണ്ടു പ്രതലങ്ങൾ തമ്മിൽ ഉരസുമ്പോൾ ഉണ്ടാകുന്ന ഘർഷണമാണ് ഏകരക്ഷകൻ എന്നു ചുരുക്കം. റോഡിന്റേയും ടയറിന്റേയും പ്രതലങ്ങളുടെ സ്വഭാവത്തെ ആശ്രയിച്ചായിരിക്കും ഒരു വാഹനത്തിന്റെ റോഡ് ഹോൾഡിംഗ് ക്ഷമത. ഈ പ്രതലങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ നേരിയ വ്യത്യാസം തന്നെ ഗ്രിപ്പ് കുറയാനും ഇരുചക്ര വാഹനത്തിന്റെ നിയന്ത്രണം പൂർണ്ണമായും നഷ്ടപ്പെടാനും ഇടവരുത്തിയേക്കാമെന്നും മോട്ടോർ വാഹനവകുപ്പ് മുന്നറിയിപ്പ് നൽകി. ഒരേ യാത്രയിൽ ഒരേ വാഹനം വ്യത്യസ്തതരം റോഡുപ്രതലങ്ങളിലൂടെ കടന്നുപോകുന്നു.

കൂടാതെ വാഹനത്തിന്റെ വേഗത, ഭാരം, യാത്രക്കാരുടെ ഇരിപ്പ്, റോഡിന്റെ ചരിവ്, വളവ് തുടങ്ങി നിരവധി ഘടകങ്ങളും സ്ഥിരതയെ സാരമായി ബാധിക്കും എന്ന കാര്യവും മോട്ടോർ വാഹനവകുപ്പ് ഓർമ്മിപ്പിക്കുന്നു.

## മിലിട്ടറി കാന്റീനിലെ മദ്യം സൂപ്പർമാർക്കറ്റിൽ വിൽപനയ്ക്ക്; മുൻ സൈനികൻ പിടിയിൽ

പത്തനംതിട്ട: വിൽപനയ്ക്കു വെച്ച മിലിട്ടറി കാന്റീനിലെ മദ്യം പിടികൂടി എക്സൈസ്. ഇളമണ്ണൂരിലെ സൂപ്പർമാർക്കറ്റിൽ വിൽക്കാൻ വെച്ചിരുന്ന 102.5 ലിറ്റർ മദ്യമാണ് എക്സൈസ് സംഘം പിടികൂടിയത്. സംഭവത്തിൽ മുൻ സൈനികനായ ഇളമണ്ണൂരിൽ ശ്രീചിത്തിരയിൽ രമണൻ (64)നാണ് പിടിയിലായത്.ഇയാളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിൽനിന്ന് 750 മില്ലി ലിറ്ററിന്റെ പത്ത് കുപ്പിയും മൂന്ന് കിലോമീറ്റർ അകലെ മാവിളയിലുള്ള ഇയാളുടെ ഭാര്യയുടെ ഉടമസ്ഥതയിലുള്ള വീട്ടിൽനിന്ന് 128 കുപ്പി മദ്യവുമാണ് കണ്ടെടുത്തത്. മിലട്ടറി കാന്റീനിൽ മാത്രം വിൽപ്പന നടത്തുന്ന മദ്യമാണ് ഇവിടെനിന്ന് പിടികൂടിയതെന്ന് എക്സൈസ് സംഘം പറഞ്ഞു. സ്ഥിരമായി ഇവിടെ മദ്യവിൽപ്പന നടത്തുന്നുവെന്ന വിവരം ലഭിച്ചതിനെത്തുടർന്നാണ് എക്സൈസ് സംഘം ഞായറാഴ്ച വൈകിട്ട് പരിശോധന നടത്തിയത്.

# ഇന്ത്യൻ വിദ്യാർത്ഥിയെ യുഎസിൽ കാണാതായി, പിന്നിൽ അവയവക്കടത്ത് സംഘമെന്ന് സംശയം



ഹൈദരാബാദ്: ഹൈദരാബാദ് സ്വദേശിയായ വിദ്യാർത്ഥിയെ യു.എസിൽ കാണാതായി. തട്ടിക്കൊണ്ടുപോയതിന് പിന്നിൽ അവയവക്കടത്ത് സംഘമെന്ന് സംശയം. ഒരു സംഘം മോചനദ്രവ്യം ആവശ്യപ്പെട്ട് വിളിച്ചതായി കുടുംബം വെളിപ്പെടുത്തി.

ഒഹായോയിലെ ക്ലീവ്‌ലാൻഡ് സർവകലാശാലയിൽ ഇൻഫർമേഷൻ ടെക്നോളജിയിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന 25 കാരനായ മുഹമ്മദ് അബ്ദുൾ അർഫത്തിനെയാണ് കാണാതായത്. മാർച്ച് ഏഴ് മുതൽ മുഹമ്മദ് വീടുമായി ബന്ധപ്പെട്ടിട്ടില്ലെന്ന് കുടുംബം പറഞ്ഞു.

ഹൈദരാബാദിന് സമീപം മൽകാജ്ഗിരി ജില്ലയിലാണ് കുടുംബം താമസിക്കുന്നത്. 12,000 ഡോളർ മോചനദ്രവ്യം ആവശ്യപ്പെട്ട് താമസിക്കുന്ന മുഹമ്മദിന്റെ മാതാപിതാക്കൾക്ക് കഴിഞ്ഞ ദിവസം ഫോൺ സ?ന്ദേശം ലഭിച്ചിരുന്നു.മകനെ തട്ടിക്കൊണ്ടുപോയതാണെന്നും വൃക്ക വിൽക്കുമെന്ന് ഭീഷണിപ്പെടുത്തിയതായി അജ്ഞാതർ പറഞ്ഞതായി കുടുംബാംഗങ്ങൾ പറഞ്ഞു.

2023 മെയിലാണ് മുഹമ്മദ് അബ്ദുൾ അർഫത്ത് യുഎസിലേക്ക് പോയത്. മകനെ ക്ലീവ്‌ലാൻഡിൽ മയക്കുമരുന്ന് വിൽപന നടത്തുന്ന സംഘം തട്ടിക്കൊണ്ടുപോയതായി അവകാശപ്പെട്ട് പിതാവ് മുഹമ്മദ് സലീമിന് കഴിഞ്ഞയാഴ്ച ഒരു അജ്ഞാതനിൽ നിന്ന് ഫോൺ സ?ന്ദേശം ലഭിച്ചു. വിളിച്ചയാൾ മോചനദ്രവ്യം ആവശ്യപ്പെട്ടെങ്കിലും പണം നൽകേണ്ട രീതിയെന്നും പറഞ്ഞിരുന്നില്ല.

സലീം ഉടനെ യുഎസിലെ ബന്ധുക്കളുമായി ബന്ധപ്പെട്ടതിനെ തുടർന്ന് അവർ ക്ലീവ്‌ലാൻഡ് പോലീസിൽ പരാതി നൽകി. മുഹമ്മദിനെ കണ്ടെത്താൻ ഇടപെടണമെന്നാവശ്യപ്പെട്ട് അർഫത്തിന്റെ കുടുംബം മാർച്ച് 18 ന് ചിക്കാഗോയിലെ ഇന്ത്യൻ കോൺസുലേറ്റിന് കത്തെഴുതി. മകനെ കണ്ടെത്താൻ വിദേശകാര്യ മന്ത്രി എസ് ജയശങ്കറിനോട് സഹായം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

# വിവാദങ്ങൾക്കൊടുവിൽ ജയ്പൂരിലെ സ്ഥാനാർഥി സുനിൽ ശർമയെ കോൺഗ്രസ് പിൻവലിച്ചു



ജയ്പൂർ: വിവാദങ്ങൾക്കൊടുവിൽ ജയ്പൂരിലെ ലോക്സഭാ സ്ഥാനാർഥി സുനിൽ ശർമ്മയെ കോൺഗ്രസ് പിൻവലിച്ചു. ശർമ്മക്ക് പകരം പ്രതാപ് സിംഗ് കച്ചരിയാവാസ്സിനെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചു.സുനിൽ ശർമയുടെ നേതൃത്വത്തിലുള്ള 'ജയ്പൂർ ഡയലോഗ്' എന്ന യൂട്യൂബ് ചാനലിൽ കോൺഗ്രസ് നേതാക്കളെയും സംഘടനാ സംവിധാനങ്ങളെയും പരിഹസിക്കുന്നതാണെന്നും ഇസ്ലാമോ??ഫോബിക്കായ നിലപാടുകളാണ് സ്വീകരിക്കുന്നതെന്നും വിമർശനം ഉയർന്നിരുന്നു.വ്യാഴാഴ്ചയാണ് ജയ്പൂർ മണ്ഡലത്തിൽ സുനിൽ ശർമ്മയെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചത്. പ്രഖ്യാപനത്തിന് പിന്നാലെ കോൺഗ്രസ് നിലപാടിനെതിരെ വലിയ വിമർശനമുയർന്നതോടെയാണ് സുനിൽ ശർമയെ മാറ്റി നിർത്താൻ കോൺഗ്രസ് തീരുമാനിച്ചത്.വലതുപക്ഷ നിലപാടുകൾ സ്വീകരിക്കുകയും കോൺഗ്രസിനെയും അതിന്റെ നേതാക്കളെയും പരിഹസിക്കുന്ന വലതുപക്ഷ മാധ്യമമായ ദി ജയ്പൂർ ഡയലോഗ്സുമായുള്ള ബന്ധം ചർച്ചയായിരുന്നു. ശർമ്മയെ മത്സരിപ്പിക്കാനുള്ള തീരുമാനം പുനപരിശോധിക്കണമെന്ന് കോൺഗ്രസ് പ്രവർത്തകരും അനുഭാവികളും പാർട്ടിയോട് പരസ്യമായി ആവശ്യപ്പെട്ട് രംഗത്തെത്തി. ചാനലിന്റെ ഇസ്ലാമോഫോബിക്കായ നിലപാടുകളും വലിയ വിമർശനമുണ്ടാക്കിയത്.കോൺഗ്രസ് പ്രവർത്തകരും അനുഭാവികളും ശർമയെ മത്സരിപ്പിക്കാനുള്ള തീരുമാനം പുനപരിശോധിക്കണമെന്ന് പാർട്ടിയോട് ആവശ്യപ്പെട്ടു.ശശി തരൂർ പരസ്യമായി തന്നെ സുനിൽ ശർമക്കെതിരെ രംഗത്തുവന്നിരുന്നു.വിവാദങ്ങൾക്ക് പിന്നാലെ ദി ജയ്പൂർ ഡയലോഗ്സ്'മായി തനിക്കിപ്പോൾ ബന്ധമില്ലെന്ന് വ്യക്തമാക്കിയെങ്കിലും ജയ്പൂർ ഡയലോഗ്സിലെ അഞ്ച് ഡയറക്ടർമാരിൽ ഒരാളായി ശർമ്മ ഇപ്പോഴും പട്ടികയിലുണ്ടെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു

# ഹോളി ആഘോഷം; ഘോഷയാത്ര കടന്നുപോകുന്ന വഴികളിലെ പള്ളികൾ ഷീറ്റുകൊണ്ട് മൂടണമെന്ന് നിർദേശം



ലഖ്നൗ: ഉത്തർ പ്രദേശിൽ ഹോളി ആഘോഷത്തിന്റെ ഭാഗമായി ഹൈന്ദവ ഘോഷയാത്രകൾ കടന്നുപോകുന്ന വഴികളിലെ മുസ്‌ലിം പള്ളികൾ ടാർപോളിൻ കൊണ്ട് മൂടാൻ ഉത്തരവിട്ട് അധികൃതർ. ഷാജഹാൻപൂരിലും ബറേലിയിലും ഹോളിയുടെ ഭാഗമായി ഘോഷയാത്രകൾ നടക്കുന്നുണ്ട്. ഈ ഘോഷയാത്ര കടന്നുപോകുന്ന സമയത്ത് പള്ളികൾക്ക് മുകളിലേക്ക് നിറങ്ങൾ പുരട്ടുന്നത് തടയാനാണ് ടാർപോളിനും പ്ലാസ്റ്റിക് ഷീറ്റും കൊണ്ട് മൂടാൻ നിർദേശം നൽകിയതായി അധികൃതർ പറയുന്നു.

സമീപ വർഷങ്ങളിൽ, മതപരമായ ഘോഷയാത്രകളെ തുടർന്ന് യു.പിയിൽ വർഗീയ സംഘർഷങ്ങൾ നടന്നിരുന്നു. ഇത്തരം സംഭവങ്ങൾ തടയാനാണ് രണ്ട് നഗരങ്ങളിലെയും അധികാരികൾ ഘോഷയാത്ര കടന്നുപോകുന്ന വഴിയുള്ള പള്ളികളോട് കെട്ടിടങ്ങൾ മറയ്ക്കാൻ ആവശ്യപ്പെട്ടത്.

ഞായറാഴ്ച ബറേലിയിലെ സീനിയർ പൊലീസ് സൂപ്രണ്ട് ഘുലെ സുശീൽ ചന്ദ്രഭാന്റെ നേതൃത്വത്തിൽ നർസിങ് ക്ഷേത്രത്തിൽ നിന്ന് തുടങ്ങുന്ന രാം ബരാത്ത് ഘോഷയാത്രയുടെ നിർദിഷ്ട റൂട്ടിലൂടെ പൊലീസ് ഫ്ലാഗ് മാർച്ച് നടത്തിയിരുന്നു. ബ്രഹ്മപുരി രാംലീല കമ്മിറ്റിയാണ് ഹോളി ഉത്സവത്തോടനുബന്ധിച്ച് ബറേലിയിൽ ഘോഷയാത്ര സംഘടിപ്പിക്കുന്നത്. വെള്ളിയാഴ്ച ജില്ലയിലെ മതപുരോഹിതന്മാരുമായി കൂടിക്കാഴ്ച നടത്തിയെന്നും സാമുദായിക സൗഹാർദം തകർക്കാതിരിക്കാൻ പള്ളികൾ മൂടണമെന്ന് നിർദേശം നൽകിയിട്ടുണ്ടെന്ന് പൊലീസ് സൂപ്രണ്ട് ചന്ദ്രഭൻ പറഞ്ഞു. പൊലീസിനോട് സഹകരിക്കാൻ തയ്യാറാണെന്ന് അവർ അറിയിച്ചിട്ടുണ്ട്. നഗരത്തിലെ പല പ്രദേശങ്ങളിലൂടെയും സഞ്ചരിച്ച് നർസിങ് ക്ഷേത്രത്തിലേക്ക് മടങ്ങുന്ന ഘോഷയാത്രയെ പൊലീസ് ഉദ്യോഗസ്ഥരും അനുഗമിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഷാജഹാൻപൂരിൽ, ഫൂൽമതി ദേവി ക്ഷേത്രത്തിൽ നിന്നാണ് ഘോഷയാത്ര ആരംഭിക്കുന്നത്. ഈ ഘോഷയാത്രയിൽ എരുമ വണ്ടിക്ക് നേരെ പാദരക്ഷകൾ വലിച്ചെറിയുന്ന ചടങ്ങുകളുമുണ്ട്. അലിഗഢിൽ, ഹോളി ആഘോഷത്തിന്റെ ഭാഗമായി മസ്ജിദ് ഇന്റെസാമിയ കമ്മിറ്റി നാല് പള്ളികൾ ഷീറ്റുകൊണ്ട് മൂടിയതായി 'ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്' റിപ്പോർട്ട് ചെയ്തു. ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശപ്രകാരം ടൗണിലെ അബ്ദുൾ കരീം മസ്ജിദും കവർ ചെയ്യുമെന്ന് പള്ളിയുടെ മുഖ്യ പുരോഹിതൻ ഹാജി ഇഖ്ബാൽ പറഞ്ഞു.

# ജെ.എൻ.യു വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പിൽ ഇടതുസഖ്യത്തിന് വിജയം




ന്യൂഡൽഹി: ജവഹർലാൽ നെഹ്റു സർവകലാശാല വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പിൽ ഇടതുസഖ്യത്തിന് വിജയം. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, ജനറൽ സെക്രട്ടറി എന്നീ നാലു സ്ഥാനങ്ങളിലും എ.ബി.വി.പി സ്ഥാനാർഥികളെ പരാജയപ്പെടുത്തി. നാലുവർഷത്തെ ഇടവേളയ്ക്കുശേഷം നടന്ന ജവഹർലാൽ നെഹ്റു സർവകലാശാല വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പിൽ ഭരണം നിലനിർത്തുകയിരുന്നു ഇടതുസഖ്യം.പ്രസിഡന്റായി ധനഞ്ജയെ തെരഞ്ഞെടുത്തു. 922 വോട്ടുകൾക്കാണ് ധനഞ്ജയ് എബിവിപിയുടെ ഉമേഷ് ചന്ദ്ര അജ്മീറയെ പരാജയപ്പെടുത്തിയത്. ധനഞ്ജയ്ക്ക് 2598 വോട്ടുകൾ ലഭിച്ചപ്പോൾ എബിവിപി സ്ഥാനാർഥിക്ക് 1676 വോട്ടെ ലഭിച്ചുള്ളൂ. എൻഎസ്‌യുഐക്ക് 383 വോട്ടും ലഭിച്ചു. ജനറൽ സെക്രട്ടറിയായി പ്രിയാൻഷി ആര്യയെ തെരഞ്ഞെടുത്തു. 2887 വോട്ടുകളാണ് പ്രിയാൻഷി നേടിയത്.ഇടതുസഖ്യ സ്ഥാനാർഥിയുടെ നാമനിർദേശ പത്രിക അവസാന നിമിഷം തള്ളിയതിനെ തുടർന്ന് ബാപ്സ സ്ഥാനാർഥിയായ പ്രിയാൻഷിക്ക് ഇടത് സംഘടനകൾ പിന്തുണ നൽകുകയിരുന്നു. എബിവിപിയുടെ അർജുൻ ആനന്ദിന് 1961 വോട്ടുകൾ ലഭിച്ചു. 2574 വോട്ടുകളോടെ എം.ഒ. സാജിദ് ജോയന്റ് സെക്രട്ടറിയായും 2409 വോട്ടുകളോടെ വൈസ്. പ്രസിഡന്റായി അവിജിത് ഘോഷും തെരഞ്ഞെടുക്കപ്പെട്ടു. വിദ്യാർഥികളുടെ വിജയമാണ് ഇതെന്നും അവരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുമെന്നും ധനഞ്ജയ് പറഞ്ഞു.

സ്കൂൾ ഓഫ് സോഷ്യൽ സയൻസിലെ കൗൺസിലർ സ്ഥാനാർഥി എസ്.എഫ്.ഐ. പാനലിൽ മത്സരിച്ച തൃശ്ശൂർ ഇരിങ്ങാലക്കുട സ്വദേശിനി ഗോപിക ബാബുവും വിജയിച്ചു. സ്കൂൾ ഓഫ് ലാംഗ്വജസ്, ലിറ്ററേച്ചർ ആൻഡ് കൾച്ചറൽ സ്റ്റഡീസിൽ കൗൺസിലർ സ്ഥാനത്തേക്കു മത്സരിച്ച ഫ്രറ്റേണിറ്റി മൂവ്മെന്റ് സ്ഥാനാർഥി മുഹമ്മദ് കൈഫും വിജയിച്ചു. വിജയികളെ സിപിഎം ജനറൽ സെക്രട്ടറി സീതറാം യെച്ചൂരി അഭിനന്ദിച്ചു.

# ചൈനയിലെ പ്രസവവാർഡുകൾ അടച്ചുപൂട്ടുന്നു

ന2023 ഏപ്രിലിലാണ് ഇന്ത്യ ലോകത്തേറ്റവും ജനസംഖ്യയുള്ള രാജ്യമായി മാറിയത്. എന്നാൽ 1950 മുതൽ 2023 വരെ ലോകത്തിലേറ്റവും ജനസംഖ്യയുള്ള രാജ്യം ചൈനയായിരുന്നു. ഇപ്പോഴിതാ ചൈനയിലെ ജനനനിരക്കിലും ജനസംഖ്യയിലും വൻ ഇടിവെന്ന വാർത്തകളാണ് പുറത്തുവരുന്നത്. തുടർച്ചയായി ഇത് രണ്ടാം വർഷമാണ് ചൈനയിലെ ജനനനിരക്ക് കുറയുന്നത്. രാജ്യത്തെ പ്രസവവാർഡുകളും വൻതോതിൽ അടച്ചുപൂട്ടുന്നുണ്ട്.

ചൈനയിലെ നിലവിലെ അവസ്ഥയെ 'പ്രസവശൈത്യം' എന്നാണ് വിദഗ്ദർ വിളിക്കുന്നത്. വിഷയത്തിൽ ആശങ്ക പ്രകടിപ്പിച്ച് ചൈനീസ് സമൂഹമാധ്യമങ്ങളിൽ ഉയർന്നുവരുന്ന പോസ്റ്റുകളെയും സെർച്ച് ടേമുകളെയും നിയന്ത്രിക്കുന്ന തിരക്കിലാണ് ചൈനീസ് ഭരണകൂടം. എന്നാൽ ഇതിനോടകം തന്നെ പ്രസവ വാർഡുകൾ അടച്ചുപൂട്ടുന്ന വാർത്തകൾ ചൈനയിൽ പ്രചരിച്ചിട്ടുണ്ട്.

ചൈനയിലെ യുവാക്കൾക്ക് വിവാഹം, കുടുംബജീവിതം തുടങ്ങിയവയോട് താൽപര്യം നഷ്ടപ്പെട്ടതാണ് ജനനനിരക്ക് കുറയുന്നതിന് പ്രധാന കാരണമെന്നാണ് പഠനങ്ങൾ പറയുന്നത്.

141 കോടിയാണ് ചൈനയുടെ ശരാശരി ജനസംഖ്യ. 2022ൽ ചൈനയിലെ ജനസംഖ്യയിലെ ഇടിവ് എട്ടര ലക്ഷമായിരുന്നു, 2023 ഇത് 20 ലക്ഷമായി.

1980കളിൽ ഉയർന്ന ജനസംഖ്യയുടെ ഭയത്താൽ ചൈനീസ് ഭരണകൂടം, ദമ്പതികൾക്ക് ഒരു കുഞ്ഞ് മാത്രം എന്ന പദ്ധതി കൊണ്ടുവന്നിരുന്നു, 2015ൽ ഈ പദ്ധതി, രണ്ട് കുഞ്ഞുങ്ങൾ എന്ന നിലയിൽ ഉയർത്തി. തുടർന്ന് 2021ൽ ഇത് 3 കുഞ്ഞുങ്ങൾ എന്നാക്കി മാറ്റി.

കുട്ടികളുടെ എണ്ണത്തിൽ നിയന്ത്രണം എടുത്തുമാറ്റിയിട്ടും ചൈനയിലെ ജനസംഖ്യ കുറയുന്നത് ചൈനീസ് ഭരണകൂടത്തെ ആശങ്കയിലാക്കിയിട്ടുണ്ട്.

ചൈനയിൽ കുട്ടികളെ വളർത്തുന്നതിന് ചെലവ് കൂടുതലാണെന്നതാണ് രണ്ടാമത്തെ കാരണമായി കണക്കാക്കുന്നത്. കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, ഇൻഷുറൻസ് പരിരക്ഷ എന്നതിനായി രക്ഷിതാക്കൾക്ക് വൻതുക ചെലവാക്കേണ്ടതായി വരുന്നു.

എത്ര ആശുപത്രികളാണ് ഇതുവരെ അടച്ചുപൂട്ടിയതെന്ന കണക്കുകൾ ചൈന ഇതുവരെ പുറത്തുവിട്ടിട്ടില്ല. എന്നാൽ ചൈനയിലെ ജനസംഖ്യാക്കുറവ് രാജ്യത്തിന്റെ ഭാവിവളർച്ചയെ ബാധിക്കുമെന്നാണ് വിദഗ്ദരുടെ നിരീക്ഷണം.

# സാമ്പത്തിക പ്രതിസന്ധി; മാലദ്വീപ് പ്രസിഡന്റിന് ശാഠ്യമൊഴിവാക്കി ഇന്ത്യയെ സമീപിക്കാൻ നിർദേശം

മാലദ്വീപ്: മാലദ്വീപിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ, ശാഠ്യമൊഴിവാക്കി ഇന്ത്യയുമായി സഹകരിക്കണമെന്ന് പ്രസിഡന്റ് മുഹമ്മദ് മുയിസുവിനോട് മുൻ പ്രസിഡന്റ് ഇബ്രാഹീം മുഹമ്മദ് സോലിഹ്. കനത്ത ഇന്ത്യാവിരുദ്ധ നിലപാടും ചൈന അനുകൂല നിലപാടും സ്വീകരിക്കുന്ന മുഹമ്മദ് മുയിസു ഇന്ത്യയോട് കടാശ്വാസം ആവശ്യപ്പെട്ടിരുന്നു ഇതിന് പിന്നാലെയാണ് മുയിസുവിനെ വിമർശിച്ച് മുൻ പ്രസിഡന്റ് രംഗത്തെത്തിയത്.

ഇന്ത്യയുമായി 8 ബില്യൺ എം.വി.ആർ (മാലദ്വീപ് കറൻസി) ആണ് മാലദ്വീപിന് കടമുള്ളത് എന്നാൽ ചൈനയോട് കടം 18 ബില്യൺ എം.വി.ആർ ആണ്, കൂടാതെ ഇന്ത്യയ്ക്ക് പണം തിരിച്ചടക്കാനുള്ള സമയം 25 വർഷമാണ്. ആയതിനാൽ ഇന്ത്യയെ സമീപിക്കുന്നതാണ് ബുദ്ധിപരമായ നടപടി. എന്നും സോലിഹ് പറഞ്ഞു.

'ഇന്ത്യ തങ്ങളെ സഹായിക്കുമെന്നുറപ്പുണ്ട്. പക്ഷെ നമ്മൾ ഇന്ത്യയോട് ശാഠ്യം പിടിക്കുന്നത് നിർത്തണം.

നിരവധി പേർ നമ്മേ രക്ഷിക്കാൻ വരും പക്ഷെ മുയിസുവിന്റെ നിലപാട് തെറ്റാണ്. ഇപ്പോഴാണ് തനിക്ക് പറ്റിയ അമളിയെപ്പറ്റി മുയിസു മനസിലാക്കുന്നത്.' – ഇബ്രാഹീം മുഹമ്മദ് സോലിഹ്.

2023ൽ മാലദ്വീപിന്റെ പുതിയ പ്രസിഡന്റായി മുഹമ്മദ് മുയിസു അധികാരത്തിലേറിയതോടെ ഇന്ത്യവിരുദ്ധ നിലപാടാണ് അദ്ദേഹം പ്രകടിപ്പിച്ചിരുന്നത്. തന്ത്രപരമായി ഇന്ത്യയ്ക്ക് ഏറെ പ്രാധാന്യമുള്ള പ്രദേശമാണ് മാലദ്വീപ്.ഇന്ത്യയുമായുള്ള ബന്ധം എല്ലാതരത്തിലും അവസാനിപ്പിക്കാനുള്ള ശ്രമത്തിലാണ് മുയിസു. ഇന്ത്യയുമായുള്ള ബന്ധം മോശമായതോടെ ചൈന മാലദ്വീപുമായി കരാറുകളുണ്ടാക്കി. ഇതിന് പിന്നാലെ ഇന്ത്യയേയും പ്രധാന മന്ത്രി നരേന്ദ്രമോദിയേയും അധിക്ഷേപിച്ച് മാലദ്വീപ് മന്ത്രിസഭയിലെ മൂന്ന് അംഗങ്ങൾ രംഗത്തുവന്നു.

ഇതോടെ ഇന്ത്യൻ ടൂറിസ്റ്റുകൾ മാലദ്വീപിലേക്കുള്ള യാത്ര ഉപേക്ഷിക്കുകയായിരുന്നു. തുടർന്ന് മാലദ്വീപ് ടൂറിസത്തിന് 30 ശതമാനത്തിലധികം ഇടിവാണ് സംഭവിച്ചത്. ഇതോടെ ഗുരുതര സാമ്പത്തിക ബുദ്ധിമുട്ടനുഭവിച്ചിരുന്ന രാജ്യം കൂടുതൽ ബുദ്ധിമുട്ടിലേക്ക് കൂപ്പുകുത്തുകയായിരുന്നു.

# മാവൂരിൽ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചു

മാവൂർ: ചാത്തമംഗലത്ത് വെള്ളലശേരി മുണ്ടയ്ക്കൽ ഡെയ്സിയുടെ വീട്ടിൽ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചുണ്ടായ തീ പടർന്ന് ഗൃഹോപകരണങ്ങൾ കത്തി നശിച്ചു. ഫ്രിഡ്ജ്, ഡൈനിങ് ടേബിൾ, ടെലിവിഷൻ തുടങ്ങിയ ഗൃഹോപകരണങ്ങളാണ് കത്തി നശിച്ചത്.

അടുത്തുള്ള തെങ്ങിനും തീപിടിച്ചു. മകളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി വച്ചിരുന്ന രൂപയും കത്തി നിശിച്ചു. സംഭവത്തിൽ വീട്ടുകാർ പുറത്തേക്ക് ഓടിയാണ് രക്ഷപ്പെട്ടത്. മുക്കത്ത് നിന്ന് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫിസർ പി.കെ ഭരതന്റെ നേതൃത്വത്തിൽ അഗ്നിരക്ഷാസേനാംഗങ്ങൾ സംഭവസ്ഥലത്ത് എത്തിയതിനുശേഷമാണ് തീ പൂർണമായും അണച്ചത്.

# യു.പി മദ്റസ നിയമം റദ്ദാക്കി; വലഞ്ഞ് 26 ലക്ഷം വിദ്യാർഥികളും 10,000 അധ്യാപകരും

ലഖ്നൗ: ഉത്തർപ്രദേശിലെ മദ്റസ നിയമം റദ്ദാക്കിയതോടെ വലഞ്ഞ് 26 ലക്ഷം വിദ്യാർഥികളും 10,000ത്തിലേറെ അധ്യാപകരും. 2004ലെ ഉത്തർ പ്രദേശ് മദ്റസ നിയമം അലഹബാദ് ഹൈക്കോടതി ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ചതോടെയാണ് നിരവധി പേരുടെ വിദ്യാഭ്യാസവും ജോലിയും അനിശ്ചിതത്വത്തിലായത്. ഈ വിദ്യാഭ്യാസ സംവിധാനത്തിൽ മതേതരത്വമില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഹൈക്കോടതി ഇടപെട്ടത്. മദ്റസ വിദ്യാർഥികളെ സർക്കാർ സ്കൂളുകളിലേക്ക് മാറ്റണമെന്ന് യോഗി ആദിത്യനാഥ് സർക്കാറിനോട് മാർച്ച് 22ന് പുറപ്പെടുവിച്ച ഉത്തരവിൽ നിർദേശിക്കുകയും ചെയ്തു. മദ്റസ നിയമം മതേതരത്വത്തിന്റെ ലംഘനമാണെന്നും 14 വയസ്സ് വരെയോ എട്ടാം ക്ലാസ് വരെയോ ഗുണനിലവാരമുള്ള നിർബന്ധിത വിദ്യാഭ്യാസം നിർബന്ധമായി നൽകുന്നതിൽ പരാജയപ്പെട്ടുവെന്നും ചൂണ്ടിക്കാട്ടി അൻഷുമാൻ സിംഗ് റാത്തോഡ് എന്ന അഭിഭാഷകൻ സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതി വിധി പറഞ്ഞത്.

അതേസമയം, മദ്റസകൾ കേവലം മതവിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി മാത്രമല്ല, അതിനായി ഗ്രാന്റുകൾ സ്വീകരിക്കുന്നില്ലെന്നും എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നുണ്ടെന്നും മദ്റസ അറേബ്യ, അഖിലേന്ത്യ ടീച്ചേഴ്സ് അസോസിയേഷൻ ദേശീയ ജനറൽ സെക്രട്ടറി വഹീദുല്ല ഖാൻ പറഞ്ഞു. ഹിന്ദു അധ്യാപകരും വിദ്യാർഥികളും പോലും മദ്റസകളിൽ പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്നുണ്ടെന്നും ചൂണ്ടിക്കാട്ടി. പൗരസ്ത്യ ഭാഷകളുടെ (അറബിക്, പേർഷ്യൻ, സംസ്കൃതം) പ്രോത്സാഹനത്തിനായാണ് സർക്കാർ ഗ്രാന്റുകൾ നൽകുന്നതെന്നും അർബി-ഫാർസി ബോർഡ് (അറബിക്-പേർഷ്യൻ) പിന്നീട് മദ്റസ ബോർഡായി മാറുകയായിരുന്നുവെന്നും ഖാൻ പറഞ്ഞു. സംസ്ഥാനത്തെ വേദപാഠശാലകൾ സംസ്ഥാന വിദ്യാഭ്യാസ വകുപ്പാണ് നടത്തുന്നതെങ്കിൽ 1996 മുതൽ മദ്റസകൾ ന്യൂനപക്ഷ വകുപ്പാണ് ഭരിക്കുന്നതെന്ന വ്യത്യാസമേയുള്ളൂവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മത വിദ്യാഭ്യാസത്തിനൊപ്പം സ്കൂൾ വിദ്യാഭ്യാസം കൂടി നൽകുന്നതാണ് യു.പിയടക്കം വിവിധയിടങ്ങളിൽ പ്രവർത്തിക്കുന്ന മദ്റസകൾ. സർക്കാർ സഹായത്തോടെയായിരുന്നു ഇത്തരത്തിലുള്ള പല സ്ഥാപനങ്ങളുടെയും പ്രവർത്തനം. യു.പയിൽ 16,513 അംഗീകൃത മദ്റസകളുണ്ടെന്നും 560 എണ്ണം സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നതാണെന്നുമാണ് ദി വയർ റിപ്പോർട്ട് ചെയ്തത്. 8400 അനംഗീകൃത മദ്റസകളുണ്ടെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

അതിനിടെ, മദ്റസ നിയമം ഒഴിവാക്കിയതിൽ പ്രതിഷേധവുമായി എഐഎംഐഎം തലവൻ അസദുദ്ദീൻ ഉവൈസി രംഗത്ത് വന്നു. 'ഈ തീരുമാനത്തിനെതിരെ അപ്പീൽ നൽകുമോയെന്ന് യോഗി ആദിത്യനാഥ് വ്യക്തമായി പറയേണ്ടതുണ്ട്? അദ്ദേഹത്തിന്റെ സർക്കാർ മദ്റസകളെ ആവർത്തിച്ച് ലക്ഷ്യമിടുന്നു. മദ്റസകളിൽ മതേതര വിദ്യാഭ്യാസം നൽകുന്ന അധ്യാപകരുടെ ശമ്പളം വർഷങ്ങളായി മരവിപ്പിച്ചിരിക്കുകയാണ്' മാർച്ച് 24ന് ഉവൈസി എക്സിൽ യുപി സർക്കാരിന്റെ പ്രവർത്തന പദ്ധതിയെ ചോദ്യം ചെയ്തു.

**എന്താണ് ഹൈക്കോടതി വിധി?**

മതേതരത്വത്തിന്റെ വ്യക്തമായ ലംഘനമുണ്ടായെന്നും 14 വയസ്സ് വരെയോ എട്ടാം ക്ലാസ് വരെയോ ഗുണനിലവാരമുള്ള നിർബന്ധിത വിദ്യാഭ്യാസം നൽകുന്നതിൽ പരാജയപ്പെട്ടുവെന്നും ചൂണ്ടിക്കാട്ടിയാണ് അലഹബാദ് ഹൈക്കോടതി, 2004 ലെ യുപി മദ്റസ നിയമം റദ്ദാക്കിയത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14, 21, 21-എ എന്നിവയുടെ ലംഘനവും 1956 ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്ടിന്റെ 22-ാം വകുപ്പിന്റെ ലംഘനവും ജസ്റ്റിസുമാരായ വിവേക് ചൗധരിയും സുഭാഷ് വിദ്യാർഥിയും അടങ്ങുന്ന ബെഞ്ച് വ്യക്തമാക്കി.

മറ്റ് റെഗുലർ സ്കൂളുകളെ അപേക്ഷിച്ച് നിയമപ്രകാരമുള്ള മദ്റസകൾ തുല്യ വിദ്യാഭ്യാസം നൽകുന്നില്ലെന്ന് ബെഞ്ച് ചൂണ്ടിക്കാട്ടി. 'ഒന്ന് മുതൽ എട്ടാം വരെ ക്ലാസ് വരെ ഖുർആനും ഇസ്‌ലാമും നിർബന്ധമാണ്, അതിൽ പരാജയപ്പെട്ടാൽ വിദ്യാർഥിക്ക് പ്രമോഷൻ ലഭിക്കില്ല. മദ്റസകളിൽ നൽകുന്ന വിദ്യാഭ്യാസം ഗുണനിലവാരമുള്ളതോ സാർവത്രികമോയല്ല'ബെഞ്ച് നിരീക്ഷിച്ചു.

'പത്താം ക്ലാസിൽ (മൗലവി അല്ലെങ്കിൽ മുൻഷി), തിയോളജി സുന്നി, തിയോളജി ഷിയ എന്നിവ നിർബന്ധിത വിഷയങ്ങളാണ്, അതേസമയം കണക്ക്, ഹോം സയൻസ് (പെൺകുട്ടികൾക്ക് മാത്രം), ലോജിക് ആൻഡ് ഫിലോസഫി, സോഷ്യൽ സയൻസ്, മെഡിക്കൽ സയൻസ് എന്നിവയിൽ നിന്ന് ഒരു ഐച്ഛിക വിഷയം മാത്രമേ എടുക്കേണ്ടതുള്ളൂ. ). 12ാം ക്ലാസിൽ (ആലിം), ദൈവശാസ്ത്രം (സുന്നിയും ഷിയയും) നിർബന്ധിത വിഷയങ്ങളാണ്, അതേസമയം ഹോം സയൻസ് (പെൺകുട്ടികൾ മാത്രം), ഹിന്ദി, ലോജിക്, ഫിലോസഫി, മെഡിക്കൽ സയൻസ്, സോഷ്യൽ സയൻസ്, സയൻസ്, ടൈപ്പിംഗ് എന്നിവയിൽ നിന്ന് ഓപ്ഷണൽ വിഷയങ്ങളിലൊന്ന് തിരഞ്ഞെടുക്കണം.

അതേസമയം, ഭരണഘടനയുടെ 29, 30 അനുച്ഛേദങ്ങൾ ഏതൊരു പണ്ഡിതനും ബുദ്ധിജീവിക്കും സ്വന്തം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശം നൽകുന്നുണ്ടെന്ന് ഉവൈസി പറഞ്ഞു. 'ഈ പശ്ചാത്തലത്തിൽ, മദ്റസ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി പറഞ്ഞത് എന്തുകൊണ്ടാണെന്ന് മനസിലാക്കാൻ അൽപ്പം ബുദ്ധിമുട്ടാണ്' അദ്ദേഹം എക്സിൽ പറഞ്ഞു.

# ഈറോഡ് എം.പി ആത്മഹത്യക്ക് ശ്രമിച്ചു; കീടനാശിനി കഴിച്ചതായി കുടുംബം

ചെന്നൈ: തമിഴ്നാട് ഡിഎംകെ എം.പി ഗണേഷമൂർത്തിയെ ആത്മഹത്യക്ക് ശ്രമിച്ചതിന് പിന്നാലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഈറോഡ് മണ്ഡലത്തിലെ സിറ്റിങ് എംപിയായ ഗണേഷമൂർത്തിയെ കോയമ്പത്തൂരിലെ സ്വകാര്യ ആശുപത്രിയിലാണ് പ്രവേശിപ്പിച്ചത്. ഇന്ന് രാവിലെയാണ് സംഭവം. പരിശോധനകൾക്ക് ശേഷം 76 കാരനായ അദ്ദേഹത്തെ വെന്റിലേറ്ററിലേക്ക് മാറ്റി. ആരോഗ്യ നില ഗുരുതരമാണെന്നാണ് വിവരം

ആത്മഹത്യചെയ്യുന്നതിനായി കുടിവെള്ളത്തിൽ കീടനാശിനി ഉപയോഗിച്ചതായി ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തു. രാവിലെ പത്തരയോടെ അവശനായ അദ്ദേഹത്തെ കുടുംബം ആശുപത്രിയിലെത്തിക്കുകയായിരുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു. വിഷം കഴിച്ചതായി അദ്ദേഹം തന്നെ അറിയിച്ചതായി കുടുംബാംഗങ്ങൾ പറഞ്ഞതായി റിപ്പോർട്ടിൽ പറയുന്നുണ്ട്.

അതേസമയം വരുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ പാർട്ടി ഹൈക്കമാൻഡ് അദ്ദേഹത്തിന് ടിക്കറ്റ് നിഷേധിച്ചതിനെ തുടർന്നാകാം ആത്മഹത്യാ നീക്കമെന്നും പറയപ്പെടുന്നുണ്ട്. 2019ൽ ഡിഎംകെ ടിക്കറ്റിലാണ് അദ്ദേഹം ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ചത്.

# ക്ഷേത്ര പരിസരത്ത് തെരുവ് നായ്ക്കൾക്ക് മാംസാഹാരം നൽകിയ സ്ത്രീക്കെതിരെ കേസ്

മുംബൈ: ക്ഷേത്ര പരിസരത്ത് തെരുവ് നായ്ക്കൾക്ക് മാംസാഹാരം നൽകിയെന്ന് ആരോപിച്ച് മുംബൈയിൽ സ്ത്രീക്കെതിരെ പൊലീസ് കേസെടുത്തു. മുംബൈയിലെ മഹാലക്ഷ്മി ക്ഷേത്ര പരിസരത്താണ് സംഭവം. മതത്തെ അപമാനിക്കുകയെന്ന ഉദ്ദേശത്തോടെയുള്ള പ്രവൃത്തിയെന്ന് ആരോപിച്ചാണ് ഗമാദേവി പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്. സാമൂഹ്യ പ്രവർത്തകയായ ഷീല ഷാ നൽകിയ പരാതിയിലാണ് നന്ദിനി ബലേക്കർ, പല്ലവി പട്ടീൽ എന്നിവർക്കെതിരെ കേസെടുത്തത്.

തെരുവ് നായ്ക്കൾക്കും പൂച്ചകൾക്കും ഇറച്ചിയും മീനും അടങ്ങിയ ഭക്ഷണം നൽകിയെന്നതാണ് ബലേക്കർക്കെതിരായ ആരോപണം. എന്നാൽ പരാതിക്കാരിയെ ഭീഷണിപ്പെടുത്തിയെന്നതാണ് പല്ലവി പട്ടീലിനെതിരായ പരാതി.

രണ്ട് പൊലീസുകാരെയും ഒരു വെറ്ററിനറി ഓഫീസറെയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും നായ്ക്കൾക്ക് ഇറച്ചി കൊടുക്കരുതെന്ന് നന്ദിനി ബലേക്കർക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ നിർദേശം പരിഗണിക്കാതിരുന്നതോടെയാണ് പൊലീസ് കേസെടുത്തത്.

ക്ഷേത്ര ദർശനത്തിനായി ആളുകൾ വരിനിൽക്കുന്ന ഇടത്താണ് നന്ദിനി സ്ഥിരമായി നായ്ക്കൾക്ക് ഭക്ഷണം നൽകാറുള്ളതെന്ന് പരാതിയിൽ പറയുന്നു. ഇത് പല തവണ വിലക്കിയെങ്കിലും തുടരുകയായിരുന്നു. രാത്രി പത്തിന് ശേഷം ഭക്ഷണം നൽകാമെന്നും എന്നാൽ മത്സ്യമോ മാംസമോ നൽകരുതെന്നും നന്ദിനി ബലേക്കറെ അറിയിച്ചിരുന്നതായി കമ്മിറ്റി അറിയിച്ചു. ഇത് മുഖവിലക്കെടുക്കാതെ ആവർത്തിച്ചതിനാലാണ് കേസെടുത്തതെന്ന് ഇവർ പറഞ്ഞു.

# ആ ഫ്ലയിങ് കിസ്സിന് ബി.സി.സി.ഐയുടെ വൻതുക പിഴ

കൊൽക്കത്ത: കഴിഞ്ഞ ദിവസം സ്വന്തം ആരാധകർക്ക് മുന്നിൽ സൺറൈസേഴ്സിനെതിരെ ആവേശ ജയം കുറിക്കുമ്പോൾ ഹർഷിത് റാണയെന്ന യുവബോളറായിരുന്നു കൊൽക്കത്തയുടെ ഹീറോ.



അവസാന ഓവറുകളിൽ ഹൈദരാബാദിനായി ആഞ്ഞടിച്ച ദക്ഷിണാഫ്രിക്കൻ താരം ഹെന്റിക് ക്ലാസൻ സന്ദർശകർക്ക് ജയമൊരുക്കുമെന്ന് തോന്നിപ്പിച്ച ഘട്ടത്തിലാണ് 20ാം ഓവറിലെ അഞ്ചാം പന്തിൽ ക്ലാസനെ ഹർഷിത് പുറത്താക്കിയത്. ഇത് മത്സര ഗതിയെ മാറ്റിമറിച്ചു. 29 പന്തിൽ എട്ട് സിക്സറുമായി 63 റൺസെടുത്ത ക്ലാസൻ മിന്നും ഫോമിലായിരുന്നു. ഒടുവിൽ കൊൽക്കത്തക്ക് നാല് റൺസിൻറെ ആവേശ ജയം.

മത്സരത്തിനിടെ മായങ്ക് അഗർവാളിന്റെ വിക്കറ്റ് വീഴ്ത്തിയ ശേഷം ഹർഷിത് റാണ നടത്തിയൊരു ആഘോഷം സോഷ്യൽ മീഡിയയിൽ വലിയ ചർച്ചയായിരുന്നു. തന്നെ നേരത്തേ സിക്സർ പറത്തിയ അഗർവാളിനോടുള്ള പ്രതികാരം എന്ന തരത്തിൽ താരത്തിന് അടുത്തേക്കെത്തി ഫ്ളൈയിങ് കിസ് നൽകിയാണ് റാണ ഡഗ് ഔട്ടിലേക്ക് യാത്രയാക്കിയത്. എന്നാൽ ഈ പ്രതികരണം മായങ്കിന് അത്ര രസിച്ചില്ല. റാണയെ രൂക്ഷമായി തുറിച്ചുനോക്കിയാണ് താരം മടങ്ങിയത്. ഹർഷിതിൻറെ ബൗൺസറിൽ ബൗണ്ടറി ലൈനിനരികെ റിങ്കു സിങ് പിടിച്ചാണ് മായങ്ക് പുറത്തായത്. റാണയുടെ അതിരുവിട്ട ആഘോഷത്തിനെതിരെ സോഷ്യൽ മീഡിയയിൽ കഴിഞ്ഞ ദിവസം രൂക്ഷ വിമർശനമുയർന്നിരുന്നു.

ഇപ്പോഴിതാ താരത്തിനെതിരെ ബി.സി.സി.ഐയുടെ നടപടിയെത്തിയിരിക്കുന്നു. താരം മാച്ച് ഫീയുടെ 60 ശതമാനം പിഴയൊടുക്കണം.

മത്സരത്തിൽ കൊൽക്കത്ത ഉയർത്തിയ 208 റൺസിന്റെ വമ്പൻ വിജയ ലക്ഷ്യം ബാറ്റിങ്ങിനിറങ്ങിയ സൺറൈസേഴ്സിന്റെ പോരാട്ടം ഏഴ് വിക്കറ്റ് നഷ്ടത്തിൽ 204 റൺസിൽ അവസാനിച്ചു. ഓപ്പണിങ്ങിൽ മയങ്ക് അഗർവാളും അഭിഷേക് ശർമ്മയും ചേർന്ന് സ്വപ്നതുല്യമായ തുടക്കമാണ് ഹൈദരാബാദിന് നൽകിയത്.

21 പന്തിൽ 32 റൺസെടുത്ത് അഗർവാളും 19 പന്തിൽ 32 റൺസെടുത്ത അഭിഷേകും പുറത്തായതോടെ ടീം വലിയ തിരിച്ചടി നേരിട്ടു. രാഹുൽ ത്രിപാഠി(20), എയ്ഡൻ മാർക്രം(18),അബ്ദുൽ സമദ്(15) എന്നിവർ വലിയ ഇംപാക്കുണ്ടാക്കാതെ മടങ്ങിയത് എസ്ആർഎച്ചിന് തിരിച്ചടിയായി. എന്നാൽ 19ാം ഓവറിൽ ഐപിഎലിലെ വിലയേറിയ താരം മിച്ചൽ സ്റ്റാർകിനെ ക്ലാസനും ഷഹബാസും ചേർന്ന് നാല് സിക്സർ പറത്തിയതോടെയാണ് കളി വീണ്ടും ആവേശത്തിലേക്ക് കടന്നത്.

എന്നാൽ അവസാന ഓവറിൽ കൊൽക്കത്ത വിജയം പിടിച്ചു വാങ്ങുകയായിരുന്നു.

# ആവേശം അവസാന പന്തോളം; മുംബൈയെ തകർത്ത് ഗുജറാത്ത്

അഹമദാബാദ്: അവസാന ഓവർ വരെ ആവേശം അലയടിച്ച പോരാട്ടത്തിൽ മുംബൈ ഇന്ത്യൻസിനെ ആറ് റൺസിന് തകർത്ത് ഗുജറാത്ത് ടൈറ്റൻസ്. ഗുജറാത്ത് ഉയർത്തിയ 168 റൺസ് വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ മുംബൈക്ക് 162 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ. ഒരു ഘട്ടത്തിൽ അനായാസം വിജയം കൈപ്പിടിയിലൊതുക്കുമെന്ന് തോന്നിച്ച മുംബൈയെ ഗുജറാത്ത് ബോളർമാർ അവസാന ഓവറുകളിൽ വരിഞ്ഞു മുറുക്കുകയായിരുന്നു.




അവസാന ഓവറിൽ മുംബൈക്ക് ജയിക്കാൻ 19 റൺസ് വേണമായിരുന്നു. ഉമേഷ് യാദവെറിഞ്ഞ ഓവറിലെ ആദ്യ പന്ത് സിക്സും രണ്ടാം പന്ത് ഫോറും പറത്തി ക്യാപ്റ്റൻ ഹർദിക് പാണ്ഡ്യ ആരാധകരുടെ പ്രതീക്ഷകൾ വാനോളമുയർത്തി. എന്നാൽ പാണ്ഡ്യയെ തൊട്ടടുത്ത പന്തിൽ രാഹുൽ തെവാട്ടിയയുടെ കയ്യിലെത്തിച്ച് ഉമേഷ് യാദവ് ഗുജറാത്തിനെ കളിയിലേക്ക് തിരിച്ച് കൊണ്ടുവന്നു. അടുത്ത പന്തിൽ പിയൂഷ് ചൗളയും പുറത്തായതോടെ മുംബൈയുടെ പ്രതീക്ഷകൾ അസ്തമിച്ചു.ഇംപാക്ട് പ്ലെയറുടെ റോളിലെത്തിയ ഡെവാൾഡ് ബ്രെവിസിന്റേയും ഓപ്പണർ രോഹിത് ശർമയുടേയും തകർപ്പൻ പ്രകടനങ്ങൾ മുംബൈയെ രക്ഷിച്ചില്ല. രോഹിത് ശർമ 29 പന്തിൽ ഏഴ് ഫോറിന്റേയും ഒരു സിക്സിന്റേയും അകമ്പടിയിൽ 43 റൺസെടുത്തപ്പോൾ ബ്രെവിസ് മൂന്ന് സിക്സും രണ്ട് ഫോറുമടക്കം 46 റൺസെടുത്തു. നേരത്തേ സ്കോർ ബോർഡിൽ റൺസ് തെളിയും മുമ്പേ ഇഷാൻ കിഷനെ ആദ്യ ഓവറിൽ തന്നെ സംപൂജ്യനായി മടക്കി അസ്മത്തുല്ലാ ഒമർ സായി മുംബൈ ഞെട്ടിച്ചിരുന്നു.

എന്നാൽ നമൻ ദീറിനെ കൂട്ടുപിടിച്ച് രോഹിത് മുംബൈ സ്കോർ ബോർഡ് ചലിപ്പിച്ചു. മൂന്നാം ഓവറിൽ നമൻദീറിനയും പുറത്താക്കി ഒമർസായി മുംബൈക്ക് അടുത്ത പ്രഹരമേൽപ്പിച്ചു. പിന്നീടാണ് മുംബൈ ഇന്നിങ്സിൽ ഏറെ നിർണായകമായ ബ്രെവിസ് രോഹിത് കൂട്ടുകെട്ട് പിറന്നത്. മൂന്നാം വിക്കറ്റിൽ ഇരുവരും ചേർന്ന് 77 റൺസാണ് സ്കോർബോർഡിൽ ചേർത്തത്. ഇരുവരും പുറത്തായ ശേഷം ക്രീസിലെത്തിയ തിലക് വർമയുടെ ഇന്നിങ്സ് 25 റൺസിലൊതുങ്ങി. മറ്റ് ബാറ്റർമാർക്ക് ആർക്കും വലിയ സംഭാവനകൾ നൽകാനായില്ല. ഗുജറാത്തിനായി മോഹിത് ശർമ, ഒമർസായി, ഉമേഷ് യാദവ് , സ്പെൻസർ ജോൺസൺ എന്നിവർ രണ്ട് വിക്കറ്റ് വീതം വീഴ്ത്തി.

# ഗോൾഡൻ ജനറേഷനിലെ അവസാന താരം, ഇതിഹാസം പടിയിറങ്ങുന്നു

അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച് കെനിയൻ ഇതിഹാസ താരം കോളിൻസ് ഒബുയ. ആഫ്രിക്കൻ ഗെയിംസിലെ അവസാന മത്സരം കളിച്ചാണ് താരം പടിയിറങ്ങുന്നത്. ടൂർണമെന്റിലെ വെങ്കല മെഡൽ മത്സരത്തിൽ പരാജയപ്പെട്ടാണ് ഒബുയ കെനിയൻ ജേഴ്സിയോട് വിടപറയുന്നത്. ഉഗാണ്ടക്കെതിരായ മത്സരത്തിൽ 106 റൺസിന്റെ കൂറ്റൻ തോൽവിയാണ് കെനിയക്ക് നേരിടേണ്ടി വന്നത്.



കെനിയ കണ്ട എക്കാലത്തെയും ഇതിഹാസ താരമാണ് കോളിൻ ഒബുയ. 2003 ലോകകപ്പിന്റെ സെമി ഫൈനലിൽ പ്രവേശിച്ച കെനിയൻ ടീമിലെ പ്രധാനിയായ ഒബുയ തന്റെ 42ാം വയസിലാണ് അന്താരാഷ്ട്ര ക്രിക്കറ്റിനോട് വിട പറയുന്നത്. കെനിയയുടെ ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും മികച്ച പ്രകടനം പിറവിയെടുത്ത അതേ 2003 ലോകകപ്പിലാണ് കോളിൻസ് ഒബുയയുടെ കരിയറിലെ ഏറ്റവും മികച്ച പ്രകടനം പുറത്തെടുത്തത്. ശ്രീലങ്കക്കെതിരായ മത്സരത്തിൽ ഫൈഫർ നേടിയാണ് ഒബുയ മത്സരത്തിൽ തിളങ്ങിയത്.

കെനിയ ഉയർത്തിയ 211 റൺസ് പിന്തുടർന്നിറങ്ങിയ ശ്രീലങ്ക വെറും 157 റൺസിന് പുറത്തായിരുന്നു. മർവൻ അട്ടപ്പട്ടു, സനത് ജയസൂര്യ, അരവിന്ദ ഡി സിൽവ അടക്കമുള്ള മഹാരഥൻമാർ അണിനിരന്ന ശ്രീലങ്കയെയാണ് കെനിയ തോൽപിച്ചത് എന്നറിയുമ്പോഴാണ് ഒബുയയുടെ പ്രകടനം എത്രത്തോളമാണെന്ന് വ്യക്തമാകുന്നത്.


പത്ത് ഓവർ പന്തെറിഞ്ഞ് വെറും 24 റൺസ് മാത്രം വഴങ്ങിയാണ് ഒബുയ അഞ്ച് വിക്കറ്റ് നേടിയത്. ഹഷൻ തിലകരത്നെ, അരവിന്ദ ഡി സിൽവ, മഹേല ജയവർധന, കുമാർ സംഗക്കാര, ചാമിന്ദ വാസ് എന്നിവരെയാണ് ഒബുയ പുറത്താക്കിയത്.2003 ലോകകപ്പിന്റെ സെമിയിൽ പ്രവേശിച്ച കെനിയ ഇന്ത്യയോട് പരാജയപ്പെടുകയായിരുന്നു.

കെനിയക്കായി 104 ഏകദിനവും 76 ടി-20യും കളിച്ചാണ് ഒബുയ പടിയിറങ്ങുന്നത്. 89 ഇന്നിങ്സിൽ നിന്നും 11 അർധ സെഞ്ചുറിയടക്കം 25.55 ശരാരിയിൽ 2044 റൺസാണ് ഒബുയ ഏകദിനത്തിൽ നിന്നും നേടിയത്. 98* ആണ് ഉയർന്ന സ്കോർ.71 ടി-20 ഇന്നിങ്സിൽ നിന്നും 10 അർധ സെഞ്ചുറിയോടെ 1794 റൺസാണ് ഒബുയയുടെ സമ്പാദ്യം. പുറത്താകാതെ നേടിയ 96 റൺസാണ് കുട്ടിക്രിക്കറ്റിലെ താരത്തിന്റെ ഉയർന്ന സ്കോർ.ഏകദിനത്തിൽ പന്തെറിഞ്ഞ 49 ഇന്നിങ്സിൽ നിന്നും 35 വിക്കറ്റാണ് ഒബുയ നേടിയത്. 2003 ലോകകപ്പിൽ ശ്രീലങ്കക്കെതിരെ നേടിയ 5/24 ആണ് മികച്ച സ്കോർ. ടി-20യിലെ 27 ഇന്നിങ്സിൽ നിന്നും 19.48 ശരാശരിയിലും 16.8 സ്ട്രൈക്ക് റേറ്റിലും 25 വിക്കറ്റാണ് താരം നേടിയത്. 4/27 ആണ് മികച്ച ബൗളിങ് പ്രകടനം.

# വിരമിച്ച് മൂന്ന് വർഷത്തിനുശേഷം മനംമാറ്റം; തീരുമാനം പിൻവലിച്ച് പാക് താരം മുഹമ്മദ് ആമിർ

ഇസ്ലാമാബാദ്: അന്താരാഷ്ട്ര ക്രിക്കറ്റിൽനിന്ന് വിരമിച്ച തീരുമാനം മാറ്റി പാകിസ്താൻ ഇടംകൈയൻ പേസർ മുഹമ്മദ് ആമിർ. വരാനിരിക്കുന്ന ടി20 ലോകകപ്പ് ടീം സെലക്ഷനിലേക്ക് താൻ ലഭ്യമാണെന്ന് ആമിർ അറിയിച്ചു. 2021-ൽ ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റുകളിൽനിന്നും ആമിർ വിരമിച്ചിരുന്നു. നിരവധി രാജ്യങ്ങളിലെ ടി20 ലീഗ് മത്സരങ്ങളിൽ ഇപ്പോഴും താരമുണ്ട്.

'പാകിസ്താനുവേണ്ടി കളിക്കുക എന്ന സ്വപ്നം ഇപ്പോഴുമുണ്ട്. ചില സമയങ്ങളിൽ നമ്മുടെ തീരുമാനം പുനർവിചിന്തനം ചെയ്യേണ്ട ഘട്ടങ്ങളിലേക്ക് നമ്മെ ജീവിതം എത്തിക്കും. ഞാനും പാകിസ്താൻ ക്രിക്കറ്റ് ബോർഡും തമ്മിൽ ചില പോസിറ്റീവ് ചർച്ചകൾ ഉണ്ടായിട്ടുണ്ട്. അവിടെ അവർ എന്നെ ആവശ്യമാണെന്നും പാകിസ്താനുവേണ്ടി ഇനിയും കളിക്കാമെന്നുമുള്ള തോന്നലുണ്ടാക്കി'- ആമിർ എക്സിൽ കുറിച്ചു.



ഉയർച്ച താഴ്ചകൾ നിറഞ്ഞതാണ് മുഹമ്മദ് ആമിറിന്റെ ക്രിക്കറ്റ് കരിയർ. വാതുവെപ്പ് കേസ് ചുമത്തപ്പെട്ടതിനെത്തുടർന്ന് 2010 മുതൽ 2015 വരെയുള്ള അഞ്ചുവർഷം ക്രിക്കറ്റിൽനിന്നുള്ള വിലക്ക് നേരിട്ടു. ഇതേ കേസിൽ ജയിലിലടക്കപ്പെടുകയും ചെയ്തു. 2020-ൽ മാഞ്ചെസ്റ്ററിലാണ് പാകിസ്താനുവേണ്ടി അവസാനമായി ടി20 മത്സരം കളിച്ചത്.

മുപ്പത്തിരണ്ടുകാരനായ ആമിർ, പാകിസ്താനുവേണ്ടി 36 ടെസ്റ്റുകളും 61 ഏകദിനങ്ങളും 50 ടി20യും കളിച്ചിട്ടുണ്ട്. 259 വിക്കറ്റുകളാണ് ദേശീയ ടീമിനുവേണ്ടി നേടിയത്. 2019-ൽ ടെസ്റ്റിൽനിന്ന് വിരമിച്ച ആമിർ, പിന്നീട് ഒരു വർഷം കഴിഞ്ഞാണ് ഏകദിന, ടി20 ദേശീയ ടീമിൽനിന്ന് വിരമിക്കുന്നതായി പ്രഖ്യാപിച്ചത്. കഴിഞ്ഞ ദിവസം മറ്റൊരു പാക് താരമായ ഇമാദ് വസീമും വിരമിക്കൽ തീരുമാനം പിൻവലിച്ച് രംഗത്തെത്തിയിരുന്നു.


വായിക്കുക...
വരിക്കാരാവുക...

സത്യത്തിൻസാക്ഷി ധർമ്മത്തിൽ പാതയിൽ
പീപ്പിൾസ് റിവ്യൂ
Estd : 2007
email: peoplesreviewdaily@gmail.com ദിനപത്രം

പ്രവാസി റിവ്യൂ
മാഗസിൻ
email: pravasireviewmagazine@gmail.com

മഹിളാവീഥി
മാഗസിൻ

www.peoplesreview.co.in
Peoples Review

P.B. No. 15, Limra Tower, Panikkar Road, Kozhikod - 673001
Ph: 0495 2769086, 9037319971, 8547369086


# വെംബ്ലിയിൽ ബ്രസീലിന്റെ തിരിച്ചുവരവോ; യുവനിര കരുത്തിൽ കാനറികളുടെ ചിറകടി

ലണ്ടൻ: ഫുട്ബോൾ സിരകളിൽ അലിഞ്ഞു ചേർന്ന ജനതയുടെ സ്വപ്നങ്ങളും പ്രതീക്ഷകളുമാണ് ബ്രസീൽ ടീം. ഏതു സാഹചര്യത്തിലും തിരിച്ചുവരാൻ കാനറികളെ പ്രേരിപ്പിക്കുന്നതും ഈ ജനതയുടെ ഭ്രാന്തമായ പിന്തുണയാണ്. യൂറോപ്പിലെ ശക്തമായ സംഘമായ ഇംഗ്ലണ്ടിനെ അവരുടെ കളിമുറ്റമായ വെംബ്ലിയിൽ ഒരുഗോളിന് തോൽപിക്കുമ്പോൾ ബ്രസീലിന് അതൊരു തിരിച്ചു വരവിന്റെ മത്സരം കൂടിയാണ്. കഴിഞ്ഞ ഖത്തർ ലോകകപ്പിന് ശേഷം മുൻ ചാമ്പ്യൻമാർക്ക് കാര്യങ്ങൾ എളുപ്പമായിരുന്നില്ല. ക്വാർട്ടർ ഫൈനലിൽ ക്രോയേഷ്യയോട് പെനാൽറ്റി ഷൂട്ടൗട്ടിലേറ്റ തോൽവിക്ക് ശേഷം ഇതുവരെ കളത്തിലിറങ്ങിയത് പത്തു തവണ. വിജയമാകട്ടെ അഞ്ചിൽമാത്രം. ഇതിനിടെ ടിറ്റയെ ഒഴിഞ്ഞ സ്ഥാനത്തേക്ക് കാർലോ അൻസലോട്ടിയടക്കമുള്ള വിദേശ പരിശീലകരെ കൊണ്ടുവരാനുള്ള ശ്രമവും വിജയം കണ്ടില്ല. ഒടുവിൽ മുൻ ഫ്ളമിംഗോ പരിശീലകൻ ഡോറിവൽ ജൂനിയറിനെ ദൗത്യം ഏൽപ്പിച്ചു. ബ്രസീലിലെ വിവിധ ക്ലബുകളെ പരിശീലിപ്പിച്ച് പരിചയസമ്പത്തുള്ള 61 കാരന്റെ ആദ്യ പരീക്ഷണ വേദിയായിരുന്നു ഇംഗ്ലണ്ടിനെതിരായ മത്സരം




അടുത്തകാലത്തായി ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ബദ്ധവൈരികളായ അർജന്റീനയോട് ഒരു ഗോളിന് തോൽവി. കൊളംബിയയോടും ഉറുഗ്വെയോടും കീഴടങ്ങിയ മഞ്ഞപ്പട, വെനസ്വലയോട് സമനിലയിലും കുരുങ്ങി. ഇതോടെ ലോകകപ്പ് യോഗ്യത പോലും തുലാസിലായി. ഇതിന് പിന്നാലെ ബ്രസീലിന്റെ പേരും പെരിമയും അവസാനിച്ചെന്ന തരത്തിൽ എതിരാളികളുടെ വ്യാപക പ്രചരണവും.

സമീപകാലത്തെ ലാറ്റിനമേരിക്കൻ ടീമിന്റെ മോശം ഫോം വെച്ച് സൗഹൃദ മത്സരത്തിൽ ത്രീലയൺസിന് അനായാസ ജയം പ്രവചിച്ചവർക്കുള്ള മറുപടിയായിരുന്നു വെംബ്ലിയിലെ അൻപതിനായിരത്തിലധികം കാണികളെ നിശബ്ദമാക്കികൊണ്ടുള്ള കാനറികളുടെ ചിറകടി. പ്രധാന താരങ്ങളായ കസമിറോ, റിച്ചാലിസൻ, ഗോൾകീപ്പർ അലിസൺ ബെക്കർ, പ്രതിരോധതാരങ്ങളായ മാർക്കീഞ്ഞോസ്, ഗബ്രിയേൽ എന്നിവരൊന്നുമില്ലാതെയാണ് യൂറോപ്പിലെ വമ്പൻമാരെ നേരിടാനായി ഇറങ്ങിയത്. ഡോറിവൽ ജൂനിയറിന്റെ പ്രതീക്ഷയെല്ലാം യുവരക്തത്തിൽ. സ്റ്റാർട്ടിങ് വിസിൽ മുതൽ ആക്രമണ പ്രത്യാക്രമണവുമായി ഇരുടീമുകളും കളം നിറഞ്ഞു. എന്നാൽ പ്രതിരോധത്തിൽ തട്ടി ഇരു ടീമുകളുടേയും നീക്കങ്ങൾ അവസാനിച്ചു. രണ്ടാം പകുതിയിൽ ബ്രസീൽ കോച്ച് വരുത്തിയ നിർണായക മാറ്റങ്ങൾ കളി ഗതിയെ മാറ്റിമറിച്ചു. 71ാം മിനിറ്റിൽ റോഡ്രിഗോയെ പിൻവലിച്ച് പാൽമെർസ് താരം 17കാരൻ എൻ റികിനേയും റഫിഞ്ഞോയ്ക്ക് പകരം 19കാരനൻ സാവിയോയും കളത്തിൽ. ഇരുവരും ബ്രസീൽ നിരയിലെ പുതിയ താരോദയങ്ങൾ.

കളിക്കളത്തിൽ ചടുലനീക്കങ്ങളിലൂടെ അവസാന ക്വാർട്ടറിൽ യങ് ബോയ്സിന്റെ നീക്കങ്ങളിൽ പേരുകേട്ട ഇംഗ്ലണ്ട് പ്രതിരോധനിര നിരന്തരം പരീക്ഷിക്കപ്പെട്ടു. ഒടുവിൽ 80ാം മിനിറ്റിൽ വിനീഷ്യസ് ജൂനിയർ നടത്തിയ നീക്കത്തിൽ യൂറോപ്യൻ ടീമിന്റെ ഗോൾ വലകുലുങ്ങി. റയൽമാഡ്രിഡ് താരത്തിന്റെ ഷോട്ട് ഗോൾകീപ്പർ പിക്ഫോർഡ് തട്ടിയകറ്റിയെങ്കിലും തൊട്ടുപിന്നാലെയെത്തിയ എൻറിക് കൃത്യമായി ഫിനിഷ് ചെയ്തു.

ബ്രസീൽ സീനിയർ കരിയറിലെ ആദ്യഗോൾ. അടുത്ത സീസണിൽ സ്പാനിഷ് ക്ലബ് റയൽമാഡ്രിഡിലേക്ക് ചേക്കാറാനൊരുങ്ങുന്ന വണ്ടർ കിഡിന് ഇതിലും മികച്ചൊരു തുടക്കം സ്വപ്നങ്ങളിൽ മാത്രം. ഒട്ടേറെ ഇംഗ്ലീഷ് കൗമാര താരങ്ങൾ അരങ്ങേറ്റം കുറിച്ച വെംബ്ലിയിലെ കളിമൈതാനത്ത് ഗോൾ നേടുന്ന ഏറ്റവും പ്രായംകുറഞ്ഞ പുരുഷ താരവുമായി 17കാരൻ ബ്രസീലിയൻ. 1994ൽ റൊണാൾഡോക്ക് ശേഷം ബ്രസീൽ കുപ്പായത്തിൽ ഗോളടിക്കുന്ന പ്രായം കുറഞ്ഞ താരവുമായി എൻഡ്രിക്. മത്സരശേഷം വികാരഭരിതമായാണ് താരം പ്രതികരിച്ചത്. ബ്രസീൽ ടീമിനും പുത്തൻ ഊർജ്ജം നൽകുന്നതായി ഫുട്ബോൾ മടിത്തട്ടിലെ ഈ വിജയം.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.